Purāṇa. Mārkaṇḍeya
Devimāhātmya
1877

Ci
XIV
265

N12<526909160 021
LS
ubTÜBINGEN

Devimāhātmyam

# ദെവിമാഹാത്മ്യം

ഇത

മഹാ-രാ-രാ

ഷ-അരുണാചലമുതലിയാരവർക

ളുടെമകൻ കാളഹസ്തിയപ്പമുത

ലിയാരവർകളുടെ

വിദ്യാവിലാസ

അച്ചുക്കൂടത്തിൽ അച്ചടിച്ചത

൨-ാംപതിപ്പ

കൊഴിക്കൊട ൧൮൭൪ ജൂലായിമാസം

വില അണ-൩

UNIV. BIBL. TÜBINGEN
Ci XIV 265

# ദെവിമാഹാത്മ്യം

## പ്രഥമൊദ്ധ്യായഃ

ഹരിഃ ശ്രീഗണപതയെനമഃ അവിഘ്നമസ്തു

ലൊകമാതാവെന്നാഥെശരണ്യെ നാരായ
ണി ഭൊഗമൊക്ഷദെസൎവ്വമംഗലെ വിഷ്ണുമാ
യെ പാൎവ്വതി ഭഗവതി ഭാരതി ലക്ഷ്മിദെവി ദെ
വവാഹിനിഗംഗെ ഭുവനെശ്വരി ഭദ്രെ നിന്തി
രുവടിമമനാവിന്മെൽവസിക്കെണം സന്തതം
വന്ദിക്കുന്നെൻ കരുണാലയെതായെ കുംഭീന്ദ്ര
വദനന്നാംതമ്പുരാൻ ലംബൊദരൻ സമ്പ്രീതി
വിഘ്നംതീൎത്തുതുണച്ചീടുകവെണംകുംഭീന്ദ്രാസു
രപരിപന്ഥിയാമമഹെശനംകുംഭീന്ദ്രൻതന്നെ
പ്പരിപാലിച്ചമുകുന്ദനും അംഭൊജൊത്ഭവൻ

താനുംനാരദമുനീന്ദ്രനും ജംഭാരിമുൻപായുള്ള
നിലിമ്പകദംബവും വെദവ്യാസനുമാദികവി
യാംവാല്മീകിയും വെദവെദാംഗജ്ഞന്മാരായ
ഭൂദെവന്മാരും രാമനാമാചാൎയ്യനു മാമൊളന്നു
ന്നെക്കണ്ണം മാമുനിശ്രേഷ്ഠന്മാൎക്കൈന്ധയനും
ത്തുണ്ണെക്കണ്ണം ദെവിതന്മാഹാത്മ്യംചൊല്ലീടുവാ
ൻകിളിമകളാവൊളംവന്ദ്യന്മാരെവന്ദിച്ചുചൊ
ല്ലീടിനാൾസാവൎണ്ണിയാകുമെട്ടാമനുതന്മാഹാ
ത്മ്യവും പൂൎവ്വജന്മാദികളുംകെട്ടുകൊള്ളുവി നെ
ങ്കിൽ ആദിത്യതനയനായ്മെവീതൻ ഭക്തന്മാ
രി ലാധിക്യംകലൎന്നീടുമഷ്ടമൻ മനുശ്രേഷ്ഠൻ
മുന്നമസ്സ്വാരൊചിഷമാകിയമന്വന്തരെമന്ന
വൻചൈത്രവംശംതന്നിലുത്ഭവനായയാൻ നാ
മവും സുരഥനെന്നെത്രയുംകീൎത്തിയൊടെ ഭൂമി
യെയടക്കിവാണീടിനാൻചിരകാലം ഔരസ
ന്മാരാംപുത്രന്മാരെയെന്നതുപൊലെ പാരിലെ
പ്രജകളെരക്ഷിച്ചാൻവഴിപൊലെ അക്കാലം
കൊലവിധ്വംസികളാംശത്രുക്കളൊ ടുൾക്കരു
ത്തൊടുയുദ്ധംചെയ്തുതൊററുനെരം പൃത്ഥീമ

ണ്ഡലമെല്ലാംശത്രുക്കളടക്കിയാരെത്രയുംവിഷ
ണ്ണനാള്ളമഞ്ഞുസുരഥനും നിജദെശാധിപനാ
ള്ളമഞ്ഞൊന്നുകാലംസ്വജനങ്ങൾക്കുംബഹുമാ
നമില്ലാതെവന്നു ദുഷ്ടന്മാരെററംബലവാന്മാ
രാമമാത്യന്മാ രൊട്ടൊഴിയാതെകൊശ മടക്കി
ക്കൊണ്ടാരെല്ലൊ അക്കാലംഹൃതസ്വാമ്യനാകി
യസുരഥനും ദുഃഖിച്ചുപുരത്തിങ്കലിരിക്കും കാ
ലത്തിങ്കൽഏകാകിയായന്നൃപൻകുതിരപ്പുറമെ
റി ശൊകെനവനംപുക്കുമൃഗയാ വ്യാജത്തൊ
ടെ തത്രൈവകാണായിതൊരാശ്രമ മനൊഹ
ര മുത്തമൻസുമെധസ്സാംതാപസൻ വാഴുംദെ
ശംഭൂപതിതപൊധനപാദങ്ങൾവണങ്ങിനാൻ
താപസപ്രവരനാൽസൽകൃതനായ നൃപൻഅ
ങ്ങിനെചിലദിനമവിടെവാണീടിനാനങ്ങൊ
ടിങ്ങൊട്ടു പൊരുമാറിനാൻവനാശ്രമെ അക്കാ
ലംമനസ്സിങ്കൽമമത്വംവൎദ്ധിക്കയാ ലുൾക്കാ
മ്പിലൊരൊവിഷയങ്ങളെനിരൂപിച്ചു യെന്നു
ടെരാജ്യമുന്നംകഴിഞ്ഞരാജാക്കന്മാർ നന്നായി
പരിപാലിച്ചീടിനാർധൎമ്മത്തൊടെ ഞാനുമച്ച

ണ്ണുന്തന്നെരക്ഷിച്ചെൻപലകാലം രാജധൎമ്മാ
ദികളുംവഴിയെചെയ്യുന്നെല്ലൊ ഇക്കാലമസ
ല്പത്തന്മാരായൊരമാത്യന്മാർ ദുഃഖിപ്പിച്ചിട്ടുക
യൊമൽപ്രജകളെയെല്ലാം സൽക്കാരപൂൎവ്വംവ
ഴിയെപരിപാലിക്കയൊ നിഷ്കൃപന്മാരെത്രയു
മെന്തറിയാവതല്ലൊ ക്രൂരനാംകരിവരനെന്നു
ചെയ്യുന്നൊനിപ്പൊൾവൈരികളുടെവശത്താ
യ്യുന്നുവിധിവശാൽ ആരുള്ളതെന്നെപ്പൊലെ
ലാളിപ്പാനവനുമ റ്റാരാനുംകൊടുത്താലുംഭുജി
ക്കയില്ലമന്നം എന്നെസ്സേവിച്ചു പൊറുത്തീടി
ന്നജനങ്ങൾക്കന്ന ഭൂപാലന്മാരെസ്സേവിച്ചാ
ൽപൊറുതിയൊപുത്രനും പതിതാനുമെന്നുചെ
യ്യുന്നൊരിപ്പൊൾ വൃത്തിയെരക്ഷിക്കയൊദുൎവ്വൃ
ത്തികൈക്കൊൾകയൊ സ്വൎഗ്ഗതുല്യങ്ങളായഭ
വനനികരവും സ്വൎഗ്ഗസ്ത്രീകൾക്കു തുല്യമാരാ
യനാരിമാരും എന്തുചെയ്യുതുപാൎത്താലെതു മൊ
ന്നറിഞ്ഞീലെസന്തതമസദ്വ്യയംചെയ്യുയൊധ
നമെല്ലാംഇത്തരംമറ്റുംപലവസ്തുക്കൾചിന്തി
ച്ചുള്ളി ലെത്രയുംപീഡയൊടുംവൎത്തിക്കുന്ദശാ

ന്നരെ കാണായിതൊരുവൈശ്യൻ തന്നെയു
മൊരുദിനം ക്ഷൊണീപാലനവനവനൊടു
ചൊദ്യംചെയ്യാൻ ആരെടൊഭവാനിഹകാന
നെവന്നീടുവാൻ കാരണമെന്തുമുഖംവാടുവാ
നെന്തുമൂലം എന്താനുമൊരു ദുഃഖമുണ്ടെന്നു തൊ
ന്നുംകണ്ടാൽ സാദരംപരമാൎത്ഥം ചൊല്ലുകെന്നൊ
ടുസഭൈ ഇത്ഥംഭൂപതിവാക്യംകെട്ടൊരു വൈ
ശ്യൻതാനു മെത്രയുംവിനീതനായുത്തരമുരചെ
യ്യാൻ എങ്കിലൊ സമാധിയ യാംവൈശ്യൻഞാ
നറിഞ്ഞാലും സംഖ്യയില്ലാതധനമുണ്ടു മൽഗൃ
ഹത്തിങ്കൽ അൎത്ഥലൊഭികളായപുത്രദാരാദി
കളാലത്യൎത്ഥംനിരസ്തനായ്ദുഃഖിച്ചുപുറപ്പെട്ടെ
ൻ അവൎക്കുകുശലമൊകുശലമല്ലെന്നതാൻ
പ്രവൃത്തിയെന്തെന്നെല്ലാമതുമെ ഞാനറിഞ്ഞീ
ല്ലെ അൎത്ഥവുമസദ്വ്യയംചെയ്യു യൊ രക്ഷിക്ക
യൊ ഭൃത്യവൎഗ്ഗവുമെന്തുചെയ്യാരെ ഞാനറിഞ്ഞീ
ല്ലെ സഭൃത്യന്മാരൊമറ്റു ഭൃത്യന്മാരൊ മമ
പുത്രന്മാരെന്നുമറിഞ്ഞീലഞാനിവയെല്ലാംചി
ത്തത്തിൽ നിരൂപിച്ചുദുഃഖമെന്നതുകെട്ടു പൃ

ഹീപാലനും വൈശ്യൻതന്നൊടു ചൊദ്യം ചെ
യ്യാൻ ലുബ്ധന്മാരായ തവ പുത്രദാരാദി കളാൽ
ത്യക്തനാകിയ ഭവാനവരെക്കുറിച്ചുള്ളിൽ പി
ന്നെയും സ്നെഹം വൎദ്ധിച്ചീടുവാനെന്തുമൂലം ന
രനന്നതുപാൎത്താലെത്രയും ചിത്രം ചിത്രം എ
ന്നതുകെട്ടു വൈശ്യൻ ഭൂപതിയൊടു ചൊന്നാ
നെന്നുടെ മനസ്സിലുമുണ്ടിതു സത്യന്തന്നെ എന്തു
ചെയ്യുന്നു മമ മാനസത്തിങ്കലൊട്ടും ചിന്തിച്ചാ
ലുറപ്പുണ്ടാകുന്നില്ലാ കഷ്ടം കഷ്ടം സ്നെഹമില്ലാ
ത പുത്രദാരാദിബന്ധുക്കളിൽ സ്നെഹം വെൎവെ
ട്ടുന്നില മാനസത്തിങ്കലൊട്ടും ഗുണമില്ലാത
വിഷയങ്ങളിലനുദിനം പ്രണയം ഭവിപ്പതി
നെന്തു കാരണമൊൎത്താൽ ഇങ്ങിനെ പറഞ്ഞൊ
രു വൈശ്യനും ഭൂപാലനും തങ്ങളിലൊരുമിച്ചു
താപസൻതന്നെച്ചെന്നു വന്ദിച്ചു നിന്നനെ
രന്താപസപ്രവരനും നന്ദിച്ചു സല്ക്കാരം ചെ
യ്യിരുത്തി യഥായൊഗ്യം സൽകഥകളും പറ
ഞ്ഞിത്തിരിയിരുന്നപ്പൊൾ മുഖ്യനാം നൃപശ്രെ
ഷ്ഠൻ വന്ദിച്ചു ചൊദ്യം ചെയ്യാൻ ഭഗവൻത

പൊന്നിയെന്നിന്തിരുവടിയൊട സുഖമെയരി
പ്പാനായൊന്നുണ്ടചൊദിക്കുന്നു പുത്രഭൃത്യാദി
ജനരാജ്യഭണ്ഡാരാദികൾ സ്വതന്ത്രമടക്കിക്കൊ
ണ്ടെന്നെയുമുപെക്ഷിച്ചാർ എന്നാലുമവൎക
ളിൽ സ്നെഹവുമമത്വവും പിന്നെയും വളരുവാ
നെന്തുകാരണം മുന്നെ വൈശ്യനാമിവനു മെ
ന്നെപ്പൊലെ പുത്രന്മാരാൽ ഉപെക്ഷ്യനായിരുന്നു
നാട്ടുമഞാനിതുകാലം നന്ദനന്മാരിലെറെ
സ്നെഹവും വാത്സല്യവു മന്ദിരധനാദിയില
ള്ളൊരു മമത്വം വൎദ്ധിച്ചു ദുഃഖം പെരുതാകുന്നി
തിവന്നുമെൻ ചിത്തകാമ്പിലുദ്ദുഃഖ മെത്രയും
പെരുകുന്നു ജ്ഞാനമുണ്ടെന്നാകില്ല മിദ്ദശമിരു
വൎക്കു മാനസെമൂഢത്വമുണ്ടാവതിനെന്തുമൂലം
സന്താപം വൎദ്ധിപ്പിക്കുമജ്ഞാനമകലുവാൻനി
ന്തിരുവടിയരുൾചെയ്യെണം തത്വജ്ഞാനം. ഇ
ത്ഥം ഭൂപതിയുടെ ചൊദ്യം കെട്ടനെരം തത്വജ്ഞാ
നായമുനിശ്രെഷ്ഠനരുൾചെയ്തു സൎവ്വജന്തു
ക്കൾക്കുമുണ്ടാക്കുമ്പൊൾ ജ്ഞാനം പുന രൎത്ഥ
ങ്ങളുള്ളിൽ ജ്ഞാനമമാനുഷൎക്കില്ലനൂനം വെ

ല്ലെറെജന്തുക്കൾക്കുവിഷയങ്ങളുമുണ്ടു ദുൎവ്വാ
രമത്രമഹൽജ്ഞാനികളാലുമൊൎത്താൽ കെചിൽ
പ്രാണികൾദിനാന്ധങ്ങളായുള്ളൂട്ടവ കെചി
ൽപ്രാണികളെല്ലാംരാത്രിയിലന്ധങ്ങളാംതുല്യ
ദൃഷ്ടികൾദിനരാത്രികൾതൊറുംകെചിൽതുല്യ
ദൃഷ്ടികൾമനുജന്മാരെന്നെല്ലാചൊല്ലു സത്യ
മല്ലതുനിരൂപിച്ചാൽകെവലജ്ഞാനം ചിത്ത
ത്തിൽപശുപക്ഷിമൃഗജാതികൾക്കത്രെ പക്ഷി
കൾമുട്ടയിട്ടു പട്ടിണിയിട്ടുകിട ന്നൊക്കവെ
കൊത്തിപ്പിരിച്ചരികെചെൎത്തുകൊണ്ടു പക്ഷ
ങ്ങൾതൊറുംവെച്ചുവളൎത്തുദിനംതൊറും ഭക്ഷി
പ്പാൻകൊക്കിൽക്കൊത്തിക്കൊണ്ടുവന്നു കൊടു
ത്തുടൻ നാൾതൊറുംപറക്കയുംപഠിച്ചുവളൎത്തി
യാലെതുമെമമതാ മില്ലവറ്റിലൊട്ടുംപിന്നെ
മൎത്ത്യന്മാർപുത്രന്മാരിൽ പ്രത്യുപകാരംചിന്തി
ച്ചെത്രയുംമൊഹിക്കുന്നൊരജ്ഞാനനിമിത്തമാ
യി സൃഷ്ടിപാലനമൂലമായതൻ പ്രഭാവത്താ
ൽ പുഷ്ടമൊഹെനനൂണ്ണാ മജ്ഞാനംഭവിക്കു
ന്നു ദൈവെശന്റെയൊഗനിദ്രയായീടു മ്മായാ

ദെവിതൻപ്രഭാവമത്യത്ഭുതമെല്ലൊ പാൎത്താൽ
മാധവനുടെമഹാമായതൻപ്രഭാവത്താൽ ചെ
തനാരൂപംജഗത്തൊക്കവെമൊഹിക്കുന്നു വി
ദ്യാരൂപിണിയായവിഷ്ണുതന്മഹാമായാ ഭക്ത
ന്മാൎക്കെല്ലാമ്മുക്തി കൊടുക്കുന്നതുനൂനം സൎഗ്ഗ
പാലനസംഹാരങ്ങൾചെയ്തീടുന്നതും സ്വൎഗ്ഗാ
പവൎഗ്ഗങ്ങളെദാനംചെയ്തീടുന്നതും ഭുക്തിമുക്തി
കൾ നൽകീടുന്നതുന്നാരായണ ശക്തിയാമ്മ
ഹാമായാദെവിയെന്നറിഞ്ഞാലും അതുകെട്ടൊ
രുനൃപൻപിന്നെയുഞ്ചൊദ്യഞ്ചെയ്താൻ മുദിതാ
ത്മാവാംമുനിശ്രെഷ്ഠനൊടതുനെരംമാധവനുടെ
യൊഗനിദ്രയാമ്മഹാമായാ ബൊധരൂപിണി
യായദെവിയെങ്ങിനെയുള്ള യാതൊരെടത്തുനി
ന്നുണ്ടായിതുമായാദെവീ യാതൊരുജാതിരൂപം
യാതൊരുജാതിനാമം യാതൊരുജാതിശീലംയാ
തൊരുജാതികൎമ്മം എന്നിവയെല്ലാ മിനിക്കറി
വാൻതക്കവണ്ണ മൊന്നൊഴിയാതെയരുൾചെ
യ്യെണംദയാനിധെ ഭൂപതിയുടെചൊദ്യം കെട്ടു
സന്തൊഷംപൂണ്ടു താപസപ്രവരനു മരുളി

ച്ചെയ്യീടിനാൻ വിഷ്ണുമായാദെവിതന്നെ ന്ദ്രവാ
ദികളെല്ലാം വിഷ്ണുമുഖ്യന്മാരാലു മറിഞ്ഞുകൂടാ
യെല്ലൊ പരബ്രഹ്മവുമ്മഹാമായയു മതുപൊ
ലെ അറിഞ്ഞുകൂടാതവസ്തുക്കളെന്നറിഞ്ഞാലും
ആദ്യന്തം ബ്രഹ്മത്തിനു മ്മായക്കുമില്ലാരാലും
വെദ്യവുമല്ലനിത്യമായുള്ളവസ്തുവെത്രെ ചന്ദ്ര
നുഞ്ചന്ദ്രികയുമെന്നതുപൊലെപുന രൊന്നെ
ന്ത്രെവിചാരിച്ചുകാണ്കിലെന്നറിഞ്ഞാലും രൂപ
നാമങ്ങളുംഗീകരിച്ചുകാര്യാൎത്ഥമായിഭ്രപത്തെകെ
ട്ടുകൊൾകതൽപ്രകാരങ്ങളെല്ലാംകല്പാന്തെലൊ
കമെകാൎണ്ണവമായ്യമഞ്ഞനാൾ സപ്പെന്ദ്രതല്പെ
വിഷ്ണുയൊഗനിദ്രയുംപൂണ്ടു തൽക്കാലെവിഷ്ണു
കൎണ്ണമലസംഭൂതന്മാരാ ഖ്യാതന്മാരാംമധു
കൈടഭന്മാരെന്നുപെർ രണ്ടസുരന്മാരുണ്ടായ്വ
ന്നവരിരുവരുംകണ്ടിതുനാഭികമലത്തിങ്കലിരു
ന്നിട്ടുംബ്രഹ്മാവുതന്നെയപ്പൊൾ കൊല്ലുവാന
ടുത്തിതുസമ്മൊഹംപൂണ്ടുഭയംകൊണ്ടുപത്മാസ
നനും ലൊകനായകനുണരാഞ്ഞുടൻവിരിഞ്ചെ
നുംയൊഗനിദ്രയെസ്തുതിച്ചീടിനാൻഭക്ത്യയൊ

ടെ നിന്തിരുവടിയെല്ലൊലൊകത്തെസൃഷ്ടിച്ചു
ടൻ സന്തതാംരക്ഷിച്ചുസംഹരിച്ചിടുന്ന തൊ
ന്താൽ നിന്തിരുവടിജഗത്തൊക്കവെ ധരിപ്പു
തും ചിന്തിച്ചാലറിഞ്ഞുകൂടാതൊരു മഹാമായെ
സന്ധ്യയുംസാവിത്രിയും വെദമാതാവുന്നീയെ
ബന്ധമൊക്ഷങ്ങൾനൽകിടുന്നതും നീതാനെ
ല്ലൊ ത്രിഗുണാത്മികയാകും പ്രകൃതിയാകുന്ന
തും സകലെശ്വരീമഹാ വിദ്യയായിടുന്നതും
ശ്രുതിയായതുംമഹാമെധയായിടുന്നതും സ്മൃതി
യായിടുന്നതുംനിന്തിരുവടിയെല്ലൊകാളരാത്രി
യുമ്മഹാരാത്രിയുമ്മൊഹരാത്രികാളിയും ശ്രീദെ
വിയുന്നിന്തിരുവടിയെല്ലൊ ബുദ്ധിയായതും
നീയെ ലജ്ജയായതുന്നീയെ ശക്തിയായതും
നീയെ ക്ഷാന്തിയായതുന്നീയെ പുഷ്ടിയായതു
ന്നീയെ തുഷ്ടിയായതുന്നീയെ ഭക്തിയായതും
നീയെ മുക്തിയായതുന്നീയെ ഖഡ്ഗിനിയാകു
ന്നതും ശൂലിനിയാകുന്നതുഞ്ചക്രിണിയാകു
ന്നതുംശംഖിനിയാകുന്നതും ഗദിനിയാകുന്ന
തുഞ്ചാപിനിയാകുന്നതും മുസൃണ്ഡിബാണ പ

ദിവ്യായുധയാകുന്നതും സൌമ്യയായിട്ടുന്നതും
ഘൊരയായിട്ടുന്നതുംകാമ്യാംഗിയായദെവിനി
ന്തിരുവടിയെല്ലൊ ശൌരിയുമീശാനനും ഞാ
നുംനിന്തിരുവടി കാരുണ്യംകൊണ്ടുണ്ടായ മൂ
ൎത്തിഭെദങ്ങളെല്ലൊ നിന്തിരുവടിയുടെ ഗുണ
ങ്ങളാധാരമായി സന്തതംസൃഷ്ടിസ്ഥിതി സം
ഹാരംചെയ്യുന്നായെ അങ്ങിനെമരുവുന്ന നി
ന്തിരുവടിതന്നെ എങ്ങിനെസ്തുതിക്കുന്നുശക്തി
യില്ലതിനാക്കും മൊഹിപ്പിക്കെണം മധുകൈട
ഭന്മാരെയിപ്പൊൾ മൊഹത്തെനീക്കി ജഗ
ത്സ്വാമിയെയുണൎത്തണം ഭാവത്തെക്കൊട്ടു
ക്കണം മിവരെവധഞ്ചെയ്യാൻ ദെവിക്കുന
മസ്കാരമമറൊരാധാരമില്ലെ ഇത്ഥംധാതാവു
തന്നാൽസ്തുതിക്കപ്പെട്ടദെവീ ചിത്തകാരുണ്യം
പൂണ്ടുസന്തുഷ്ടയായനെരം നെത്രാസ്യനാസാ
ബാഹു ഹൃദയവക്ഷൊദെശാൽ സത്വരം വെ
ർപ്പിട്ടുനിന്നരുളീടിനനെരം വെധാവുമമായാ
ദെവിതന്നെകണ്ടാനനിച്ചാൻ നാഥനുമുണ
ൎന്നെഴനീററിരുന്നരുളിനാൻ ധാതാവുതന്നെ

കൊൾവാനമധുകൈടഭന്മാരും ക്രൊധംപൂണ്ടു
ട്ടക്കനെപൊരുകൊണ്ടായിമുകുന്ദനും വീൎയ്യമത്ത
ന്മാരായൊരസുരന്മാരൊടതി ഘൊരമാംവണ്ണം
യുദ്ധന്തുടങ്ങിഭഗവാനും വെഗമൊടയ്യായിരം
ദിവ്യവത്സരംകാലം ലാഘവംവന്നീടാതെ യു
ദ്ധംചെയ്യാരുശെഷം മായാമൊഹിതന്മാരാ
മമധുകൈടഭന്മാരും നീയിനിഞങ്ങളൊട്ടു വരം
വാങ്ങികൊൾകെന്നാർ എന്നതുകെട്ടുനാഥന
വരൊടപെക്ഷിച്ചാനെന്നാലെ വദ്ധ്യന്മാരാ
യ്യുന്നീടവെണന്നിങ്ങൾ മറ്റൊരുവരം വെ
ണ്ടാനിങ്ങളൊടെന്നുകെട്ടു മുറ്റുംവഞ്ചിതന്മാ
രായൊരസുരന്മാരപ്പൊൾ എന്തൊരു കഴിവു
കൊള്ളാവതെന്നകതാരിൽ ചിന്തിച്ചു ഭഗവാ
നൊടവരുമുരചെയ്താർ യുദ്ധവൈദഗ്ദ്ധ്യം ക
ണ്ടുസന്തുഷ്ടന്മാരായ്ത്തങ്ങൾ മൃത്യുവന്നീടുന്നതു
മെത്രയുംശ്ലാഘ്യന്നിന്നാൽവെള്ളത്തിൽനിന്നു
കൊന്നീടരുതുഭവാനെന്നാ ലുള്ളിലില്ലൊരു ഭ
യംഞങ്ങൾക്കെന്നറിഞ്ഞാലും എന്നതുകെട്ടു
നാഥനങ്ങിനെതന്നെയെന്നു തന്നുടെതുടതന്മെ

ൽവെച്ചവരുടെതല ചക്രത്താൽഛെദിച്ചതുക
ണ്ടൊരുവിരിഞ്ചനുമുൾക്കുരുന്നിങ്കൽഭയ ന്തീ
ൎന്നുസന്തുഷ്ടനായാൻ മധുകൈടഭന്മാർതമ്മുടെ
മെദസ്സുകൊണ്ടു പൃഥിവീതലത്തെയു ന്നിൎമ്മി
ച്ചാൻ ജഗന്നാഥൻ മെദിനീയെന്നുനാമമതി
നാലുണ്ടായിതു ഭൂതധാത്രിക്കുമെന്നുധരിക്കന്റു
പൊത്തമ എവംബ്രഹ്മണാസ്തുതിക്കപ്പെട്ട മ
ഹാമായാദെവിയുംസമുല്പന്ന യായിതെന്നറി
ഞ്ഞാലും ദെവിതൻപ്രഭാവത്തെ ചൊല്ലുവ
നിനിയും ഞാൻസാവധാനാത്മാക്കളാക്കൂട്ട
കൊള്ളുവിൻനിങ്ങൾ താപസപ്രവരനുമിവ
ണ്ണമരുൾചെയ്തു ഭൂപതിസുരഥനുംവൈശ്യനും
പ്രീതിപൂണ്ടോർ ദെവിമാഹാത്മ്യംപ്രഥമാദ്ധ്യാ
യംകഴിഞ്ഞിതു പാവനബുദ്ധ്യാ പറഞ്ഞിട്ടവ
ൻകെട്ടുകൊൾവിൻ... ... ... ... ❀

## ദ്വിതീയൊദ്ധ്യായഃ

ഘൊരമായ്ദെവാസുരയുദ്ധമുണ്ടായി മുന്നം
നൂറുവത്സരം കാലമന്നസുരന്മാൎക്കെല്ലാം രാജാ

വൃമഹിഷന്റെവകൾക്കുപുരന്ദരൻ ആജ്ഞയി
ൽതൊററാരന്നു ദെവകളറിഞ്ഞാലും ഇന്ദ്രനാ
ണ്ണാണൊന്മഹിഷാസുരനന്നുകാലംവൃന്ദാരകന്മാ
ർചെന്നുവന്ദിച്ചുവിരിഞ്ചനെ ധാതാവുതന്നെ
മുന്നിട്ടാദിതെയന്മാർചെന്നു ഭൂതെശനാരായ
ണന്മാരെയും വണങ്ങിനാർ ഒന്നൊഴിയാതെ
മഹിഷാസുരവിചെഷ്ടിതം വന്നൊരു ദുഃഖ
ത്തൊടുമെപ്പെരുമുണർത്തിച്ചാർ ഇന്ദ്രാഗ്നിയമ
വരുണാനിലസൂര്യാദിനാമ്മന്ദിരങ്ങളുമധികാ
രവുമടക്കിയാൻ സ്വർഗ്ഗവുമുപെക്ഷിച്ചുമർത്ത്യരാ
യവനിയിൽ ദുഃഖിച്ചുനടക്കുന്നു ഞങ്ങളെന്താ
വതെയ്യൊ ഇല്ലൊരുശരണംമററവനെ വൈ
കിടാതെ കൊല്ലുവാനുപായമെന്തതിനെ ച്ചി
ന്തിക്കെണം ഇത്തരംത്രിദശന്മാർ വാക്കുകൾ
കെട്ടനെരം ക്രുദ്ധന്മാരായാർമഹാദെവനും മു
കുന്ദനും അന്നെരമവരുടെ വക്ത്രപത്മത്തിങ്ക
ൽനിന്നൊന്നിച്ചുപുറപ്പെട്ടു ഘൊരമാണ്ടതെജ
സ്സപ്പൊൾ അംഭൊജൊത്ഭവനുടെ വക്ത്രങ്ങ
ൾതൊറുന്നിന്നു സംഭവിച്ചിതുമഹാ തെജൊ

രാശിയുമപ്പൊൾ മറ്റുള്ളവിബുധന്മാർ തമ്മു
ടെകൊപാംകൊണ്ടു തെറെറന്നുപുറപ്പെട്ടദീപി
ച്ചുതെജൊമയം സവ്വദെവതാ ശരീരങ്ങളിൽ
നിന്നുണ്ടായ ദുവ്വാരമായതെജസ്സൊന്നിച്ചു കൂ
ടിയപ്പൊൾ ഉവ്വിയുമാകാശവുന്നിറഞ്ഞു പര
ന്നൊരുപവ്വതമെന്നപൊലെതെജസാം കൂട്ടമ
പ്പൊൾ ഔവ്വാഗ്നിതന്നെക്കാളും ഘൊരമാ
യ്ജ്വലിച്ചിതു സവ്വാശാവ്യാപ്തമായ കല്പാന്ത
വഹ്നിപൊലെ സവ്വദെവന്മാരുടെ തെജസ്സു
മൊന്നായ്ച്ചെന്നുസവ്വലൊകവ്യാപ്തമായ്ക്കാണാ
യിദെവന്മാൎക്കും ഔവ്വാഗ്നിജ്വാലാമാലയൊടു
മുജ്വലിച്ചൊരു പവ്വതാകാരംപൂണ്ടു നിൽക്കു
ന്നപൊലെകണ്ടാർ നാരീവെഷവുംപൂണ്ടു നി
ൽക്കുന്നദിവ്യരൂപം പാരെല്ലാന്നിറഞ്ഞതെജ
സ്സൊടുംകാണായെല്ലൊ ശങ്കരതെജസ്സിനാലു
ണ്ടായിമുഖാംബുജം പങ്കജെക്ഷണന്റെ തെ
ജസാബാഹുക്കളും ബ്രാഹ്മമാന്തെജസ്സിനാലു
ണ്ടായിപാദങ്ങളും കാമ്യമാന്നിതംബവും ഭൂമി
തൻതെജസ്സിനാൽ സൌമ്യതെജസാ പുനരു

ണ്ടായിമുലകളും യാമ്യതെജസാ കെശഭാരവു
മുണ്ടായ്വന്നു ചാരുമദ്ധ്യവുംപുനരൈന്ദ്രമാംതെ
ജസ്സിനാൽ വരുണതെജസ്സിനാൽ ജംഘകളു
രുക്കളും കൈവിരലുകളെല്ലാമാദിത്യ തെജസ്സി
നാൽ കാൽവിരലുകളെല്ലാം വസുക്കൾ തെജ
സ്സിനാൽ കൌബെരതെജസ്സിനാൽ നാസിക
യുണ്ടായ്വന്നു പാവകതെജസ്സിനാലുണ്ടായിനെ
ത്രത്രയം ദന്തങ്ങളെല്ലാം പ്രാജാപത്യമാംതെജ
സ്സിനാൽ സന്ധ്യകൾതെജസ്സിനാൽ ഭ്രൂക്കളു
മുണ്ടായ്വന്നു മാരുതതെജസ്സിനാൽ ശ്രവണങ്ങ
ളുമുണ്ടായ്വാരുതചൈന്ത്രൂപം പൂർണ്ണമായ്ക്കാണാ
യ്ക്കുന്നു ദെവകളെല്ലാന്തങ്ങൾതങ്ങൾ ക്കുള്ളായു
ധങ്ങൾ ദെവിക്കുകൊടുത്തിതു യുദ്ധത്തിന്നതു
കാലം ശങ്കരൻശൂലംനൽകി പങ്കജെക്ഷണ
ൻചക്രം ശംഖത്തെവരുണനും ശക്തിയെ ദ
ഹനനും മാരുതൻചാപബാണെപൂർണ്ണമാമിഷു
ധിയും ഘോരമാംവജ്രമിന്ദ്രൻ കാലദണ്ഡ
ത്തെയമൻ ഐരാവഞ്ചെരുമ്മണി നൽകിനാ
നൈരാവതം വാരിധിപാശത്തെയും നൽകി

നാനന്തുകാലം അക്ഷമാലയെക്കൊടുത്തീടിനാ
ൻപ്രജാപതി പുഷ്ക്കരാസനൻ കമണ്ഡലുവു
ന്നൽകീടിനാൻ രൊമകൂപെഷുസൂൎയ്യൻ രശ്മി
കൾനൽകീടിനാൻ ഭീമനാംകാലൻഖഡ്ഗ ച
ൎമ്മങ്ങൾനൽകീടിനാൻ ക്ഷീരവാരിധിവസ്ത്ര
മുത്തരീയവുന്നൽകി ഹാരവും വിശെഷിച്ചു
കൊടുത്തുമനൊഹരം ചൂഡാരത്നവുമഥ ചന്ദ്ര
കുണ്ഡലങ്ങളും ഹാടകകടകകെയൂര നൂപുരങ്ങ
ളും. അംഗദഗ്രൈവെയകവലയ രത്നാഞ്ചിത
മംഗുലീയകങ്ങളുന്നൽകിനാൻ വിശ്വകൎമ്മാ
ശത്രുസംഹാരക്ഷമപരശുനൽകീടിനാ നസ്ത്ര
ങ്ങളുഭെദ്യമാംസ്യന്ദനമിവയെല്ലാം അമ്ലാനം
ബുജമാല്യമംബുജകുസുമവുമംബുധി നൽകി
ടിനാനംബികക്കുനെരം ഹിമവാൻനൽകി
ടിനാൻവാഹനത്തിനുസിംഹം വിമലരത്ന
ങ്ങളുമമിതന്നൽകീടിനാൻ മദ്യസംപൂൎണ്ണ മാ
യപാനപാത്രവുന്നൽകി വിത്തെശൻവിശെ
ഷിച്ചുസംപൂൎണ്ണനിധികളും ശെഷനാംനാഗെ
ശൻനിൎമ്മലമണിഗണ ഭൂഷിതമായുള്ളൊ

രുനാഗഹാരവുന്നൽകി അന്യദെവന്മാരാലും
ഭൂഷണായുധങ്ങളാലന്യനാദരം ബഹുമാനിത
യായദെവി സതരമുച്ചൈസ്വര മട്ടഹാസവു
ഞ്ചെയ്തുവിദ്രുതന്നഭസ്ഥലം പൊട്ടുമാറതുനെരം
സവ്വവാരിധികളുംസവ്വപവ്വതങ്ങളും സവ്വ
ദ്വീപുകളൊട്ടുമിളകിഭൂമണ്ഡലം നിജ്ജരന്മാ
രുംദെവിഗജ്ജനംകെട്ടനെരം വിജ്വരന്മാരാ
യിസ്തുതിച്ചീടിനാർമുനികളുംഘൊരനാദത്താൽ
വിശ്വമിളകിക്കണ്ടനെരംക്രൂരന്മാരാകു മമരാ
രികളെല്ലാവരുംസന്നദ്ധന്മാരായിപരമായുധ
ങ്ങളുമെടുത്തൊരുന്നത്യമെറും സൈന്യത്തൊടു
മുത്ഥാനഞ്ചെയ്താർ ഏതൊരുഘൊഷംകെട്ടതെ
ന്നൊത്തുമഹിഷനും ബന്ധുക്കളൊടും ക്രൊധ
ത്തൊടുംചെന്നുനെരം ത്രൈലൊക്യ നിറ
ഞ്ഞൊരുതെജസാദെവിരൂപ മാലൊക്യ നിജ
ഹൃദിവിസ്മയന്തെടീടിനാർ പാദപാതെന താ
ണീടുന്നഭൂചക്രത്തൊടും മെദുരകിരീടഞ്ചെന്നു
രുമ്മുമഭ്രത്തൊടും പ്രക്ഷൊഭംകലന്നൊരു പാ
താളലൊകത്തൊടും ദിക്കുകൾതൊറും വ്യാപി

ച്ചാരുബാഹുക്കളൊടും ചാപജ്ജ്യാനാദം കൊ
ണ്ടുമുഴങ്ങുംവിശപത്തൊടും ശൊഭിച്ചു കാണാ
യ്യുന്ന ദെവിയെയതുനെരം കൊപിച്ചുയുദ്ധം
തുടങ്ങീടിനാരസുരരും ശസ്ത്രാസ്ത്രവൃഷ്ടി കൊ
ണ്ടുദീപിച്ചുദിഗന്തരം വിത്രസ്തന്മാരായുള്ള
ലൊകവാസികളെല്ലാം മഹിഷാസുരസെനാ
പതിചിക്ഷുരനപ്പൊൾ സഹസാ ചെന്നീടി
നാൻ ചാമരനൊടുംകൂടി സംഖ്യയില്ലാത ചതു
രംഗവാഹിനിയൊടും ഹുങ്കാരത്തൊടങ്ങൊ
ന്നു സമരം തുടങ്ങിനാൻ മദത്തൊടറുപതി
നായി രന്തെരൊടങ്ങൊ ന്നുദഗ്രനായ
ദൈത്യനടുത്തു യുദ്ധത്തിനായി മഹദെഷ്ഠി
കംവരനാകിയ മഹാഹനു സഹസ്രായുതര
ഥത്തൊടങ്ങൊന്നെതിരിട്ടാൻ അൻപതുനിയു
തമായീടിന രഥത്തൊടും വൻപനാമസി
ലൊമാവടുത്താനതുനെരം അറുനൂറയുതത്തെ
രൊടും ബാഷ്കളവീരൻ തുരഗശത സഹസ്ര
ങ്ങളൊടതുനെരം ഉഗ്രദശനൻതാനു മടുത്തുയു
ദ്ധങ്ങളെയ്യാ നഗ്രനാംവിലാളനും തെരൊരു

കൊടിയൊടും അഞ്ചുനൂറായിര ന്തെരൊടുഞ്ചെ
ന്നെതിരിട്ടാ നഞ്ചാതെമഹാദെവിതന്നൊ ടുദ
യഹീനം ഹയനാഗെന്ദ്രരഥ പങ്ക്തികളുണ്ടെപ്പ
ന രയുതംകൊടികൊടി സഹസ്ര സഹസ്രങ്ങ
ൾ മഹിഷാസുരവീര നമിതബലത്തൊടു മ
ഹിഷാന്തകിയൊടു സമരന്തുടങ്ങിനാൻ; ഖഡ്ഗ
പട്ടസബാണപരശുശക്തികളു മുൽഗരഭി
ണ്ഡിപാലതൊമര പാശങ്ങളും പരിഘമുസല
ങ്ങളുംകുശകുന്തങ്ങളും ശരങ്ങൾകൊണ്ടുംതൂകി
ത്തുടങ്ങിമഹാരണെ ദെവിയും ശസ്ത്രാസ്ത്രങ്ങ
ൾവർഷിച്ചുടനുടൻ ദെവവൈരികൾദെഹം
ച്ഛെദിച്ചുതുടങ്ങിനാൾ ദെവതാപസാ ഗന്ധ
ർവ്വാദികളുന്നെര ന്ദെവിയെസ്തുതിച്ചുസന്തൊ
ഷിച്ചുമരുവിനാർ ദെവിതൻവാഹനമാം കെ
സരിവീരനപ്പൊൾ ദെവാരിസൈന്യമദ്ധ്യ
പുക്കുസഞ്ചരിക്കുന്നു കാനനമദ്ധ്യവഹ്നിസ
ഞ്ചരിച്ചീടുംവണ്ണം സെനയെദഹിപ്പിച്ചു തുട
ങ്ങിരൊഷത്തൊടെ യുദ്ധംചെയ്യുമ്പൊൾ ദെ
വിനിശ്വാസങ്ങളിൽനിന്നുസഹസ്രംഭവിച്ചി

ത്തുഗണങ്ങളസാംഖ്യമായി പരശുഭിണ്ഡിപാ
ലപട്ടസാദികളാലെ സുരവൈരികൾ തമ്മെ
യവരുമൊട്ടുക്കിനാർ മൃദംഗപടഹശംഖാദിവാ
ദ്യങ്ങളെല്ലാ മ്മദംപൂണ്ടേററം പ്രയോഗിച്ചി
ത്തുയുദ്ധോത്സവെ ശൂലഖഡ്ഗാസ്ത്രശസ്ത്രവൃഷ്ടി
യാൽമഹാദെവി കാലനുക്കയയ്ക്കുന്നു ദെവാ
രികളെയെല്ലാം ഘോരമാംഘണ്ടാനാദം കെട്ടു
മോഹിച്ചദൈത്യവീരന്മാർതെരുതെരെപാരിൽ
വീണുഴലുന്നു പാശത്താൽബന്ധിച്ചുടൻചി
ലരെയിഴയ്ക്കുന്നു രോഷത്താൽ ഖഡ്ഗംകൊണ്ടു
ചിലരെഖണ്ഡിക്കുന്നു മുസലമെററുരക്തം ഛ
ർദ്ദിച്ചീടുന്നു ചിലർ ഗദയെററുടൻചിലർപൊ
ടിഞ്ഞുവീണീടുന്നു വക്ഷസിശൂലമെററു ഭെ
ദിച്ചീടുന്നു ചിലർ തൽക്ഷണെബാണമെററു
വീഴുന്നു ചിലരെല്ലാം ബാഹുക്കളുററും കഴുത്ത
ററും ജംഘകളുററും ദെഹത്തിൻനടുവററു മു
ത്തമാംഗങ്ങളുററും ഏകബാഹാക്ഷി ചരണ
ന്മാരായ്ത്തീർന്നുചില രാകുലപ്പെട്ടുവീണു ഭൂതല
മ്മറയുന്നുകബന്ധങ്ങളുംപുനരുത്ഥാനംചെയ്യു

ശീഘ്രം നിബന്ധമടക്കുന്നു നൃത്തംവെക്കുന്നു
ചിലർ നില്പുനില്ലെന്നുപറഞ്ഞടുത്തു മഹാദെ
വി കൊല്ലുന്നുമഹാസുര ഗജവാജികളെയും
കുണപങ്ങളെക്കൊണ്ടു മറഞ്ഞുചമഞ്ഞിതു ര
ണഭൂമിയന്നത്ര രുധിരനദികളും ഓരൊരൊവ
ഴിയെപൊല്ലെശത്തി ലൊഴുകുന്നു നാരദൻ
കൌതുഹലം പൂണ്ടുടൻകൊണ്ടാടുന്നു ഘൊരഭാ
വാഗ്നിവനദ്ദഹി ച്ചീടുന്നപൊലെ വീരന്മാ
രായമഹാദൈത്യന്മാർ ദഹിക്കുന്നു ദെവിതൻ
ബാണങ്ങളുംവെഗെനയുദ്ധംചെയ്തു ദെവവൈ
രികളെക്കൊന്നാവൊളമൊടുക്കുന്നു ദെവകൾ
പുഷ്പവൃഷ്ടിചെയ്യൊക്കസ്തുതിക്കുന്നു ദെവിയും
പ്രസാദിച്ചു ഭക്തരെനൊക്കീടുന്നു രണ്ടദ്ധ്യാ
യത്തിലുള്ള കഥകളെവഞ്ചൊന്നെൻ കുഞ്ഞൊത
കൂടാതെഞാൻ ചൊല്ലുവനിനിശ്ശെഷം...... ❀

## തൃതീയൊദ്ധ്യായഃ

ശക്രവൈരികളായൊ രസുരപ്പടയെല്ലാമി
ക്കളുമൊടുങ്ങിയനെരത്തുകൊപത്തൊടെ ചി

ചിക്ഷുരനായസെനാനായകനടുത്തിതു തൽക്ഷ ണെമഹാദെവിതന്നൊടുയുദ്ധംചെയ്യാൻ മെ ഘദ്ധ്വനിഘനംപാനീയംചെയ്യുമ്പൊലെ ഘൊ രബാണങ്ങൾവരിഷിച്ചിതുലഘുതരംശീതാം ശുദയെസിന്ധുതരംഗങ്ങളെയെല്ലാംമെദുരമാ യമിട്ടാൽതടുത്തുനിത്തുംവണ്ണം ദെവിയുമവ യെല്ലാം മുറിച്ചുകളഞ്ഞുട നാലൊളം വെഗ മെറൊടെതുരഗങ്ങളെക്കൊന്നു സാരഥിയെയും കൊന്നുചാപവുമ്മുറിച്ചിതു സാരമാം ധ്വജ ത്തെയും ഛെദിച്ചുകളഞ്ഞപ്പൊൾ ഖൾഗചമ്മ ങ്ങൾ ധരിച്ചടുത്താനന്നെരം വിക്രമത്തൊ ടുസിംഹമൂദ്ധ്നി വെട്ടിവെഗാൽ അംബത ന്നിടത്തെക്കൈമെൽവെട്ടിയനെരം നിമ്മ ലമായഖൾഗമ്മുറിഞ്ഞുതെറിച്ചിതു ശൂലത്തെ പ്രയൊഗിച്ചാൻഭദ്രകാളിയുന്നിജ ശൂലത്താ ൽനൂറു നുറുക്കീടിനാളതിനെയും പിന്നെയും ശൂലമെറ്റുഭിന്നഗാത്രനുമായിമന്നിടന്തന്നി ൽവീണുമരിച്ചുചിക്ഷുരനും അന്നെരമാനക്ക ഴുത്തെറിച്ചാമരൻവന്നാൻ തന്നുടെശക്തിത

ന്നെ മൊചിച്ചാൻദെവിമെയ്യൽ ഹുങ്കാരം
കൊണ്ടുശക്തിഭൂമിയിൽപതിപ്പിച്ചു സങ്കട
ത്തൊടുംശൂലംകൊണ്ടുചാടിനാനപ്പൊൾ ബാ
ണങ്ങളാലെയതുംഛെദിച്ചുമഹാദെവി കാണാ
യിതപ്പൊൾ ഗജപുംഗവകുംഭാന്തരെ വീണി
ന്നു ചാടിവെഗത്തൊടുമൃഗാധിപൻ പാണി
യുദ്ധനപൊർചെയ്തീടിനാർപരസ്പരം ചാമ
രൻതാനുമഹാസിംഹവുംകൂടിത്തമ്മിൽ ഭൂമി
യിൽ ചാടിപ്പിണങ്ങീടിനാരെല്ലൊ പിന്നെ
ബാഹുപ്രഹരെണ കെസരിവീരനപ്പൊളാ
ഹവെചാമരനെക്കൊന്നു വീഴ്ത്തിനാനെല്ലൊ
തൽക്ഷണെയൊദ്ധൃമട്ടത്താനുദഗ്രനും വെ
ഗാൽ വൃക്ഷശൈലാദികൾകൊണ്ടവൻതന്നെ
യുംകൊന്നു നിന്നിതുദെവിയുടെഗണങ്ങൾക
രാളനും വന്നകൊപത്തൊടട്ടഹാസനെയു
മവർ കൊന്നിതുമുഷ്ടിദന്തനഖങ്ങളാലെ ഗ
ണം ക്രുദ്ധയാംദെവിഗദകൊണ്ടതുനെരം വ
ന്നൊരുദ്ധതൻതന്നെയുംനിഗ്രഹിച്ചീടിനാൾ
ശീഘ്രം ബാഷ്കളനെയുംഭിണ്ഡിപാലംകൊണ്ടു

ത്തുനെരം പൊക്കളന്നനിൽകൊന്നു വീഴ്ത്തിനാ
ൾമഹാദെവീ ബാണങ്ങൾകൊണ്ടുതാമ്രൻ ത
ന്നെസത്വരംകൊന്നു ക്ഷോണിയിൽ വീഴ്ത്തി
ടിനാളന്ധകനെയുംവെഗാൽ ഉഗ്രാസ്യനെയു
മ്മഹാഹനുതന്നെയുമുട നുഗ്രവീൎയ്യൻ തന്നെ
യും കൊന്നിതുശരങ്ങളാൽ പിന്നെയത്രിനെ
ത്രന്മാരെത്രിശ്രൂലംകൊണ്ടുടൻ സന്നമാക്കീടി
നാളെല്ലാദെവിയുംക്ഷണംകൊണ്ടു വാളാലെ
വിലാളൻതന്നുത്തമാംഗംച്ഛെദിച്ചു മെളമൊ
ട്ടൂഴിയിലിട്ടുരുട്ടീടിനാളെല്ലൊ ദുൎദ്ധരൻതന്നെ
യുംദുൎമ്മുഖൻതന്നെയും രണെസത്വരംബാണ
ഗണംപൊഴിച്ചുകൊന്നീടിനാൾ എവംവൻ
പടയുംതൻപടനായകന്മാരുംദെവിയാൽനഷ്ട
മായനെരത്തുമഹിഷനും മാഹിഷവെഷംധരി
ച്ചുടുത്തിടിനാൻദ്രുത മാഹവത്തിനുവന്നു കൊ
പെനമഹാസുരൻ തുണ്ഡപ്രഹാരം കൊണ്ടു
ദെവിതൻഗണങ്ങളെഖണ്ഡിച്ചുകളകയും ഖു
രക്ഷെപണങ്ങളാൽ ചിലരെലാംഗ്രൂല പാത
ങ്ങളാൽമട്ടിക്കയുംചിലരെനിശിതശൃംഗങ്ങളാ

ൽ ഭെദിക്കയും ചിലരെ മഹാനിനാദങ്ങളാൽ
മൊഹിപ്പിച്ചും ചിലരെ ഭ്രമണവെഗംകൊണ്ടു
ധൂളിപ്പിച്ചും ചിലരെ നിശ്വാസ പാതങ്ങളാൽ
പതിപ്പിച്ചും പെടിപ്പിച്ചിതു ദെവി ഗണത്തെ
യെല്ലാമവൻ ഓടിയെത്തിനാൻ മൃഗെന്ദ്രൻ ത
ന്നെത്താഡിപ്പാനായി ശൃംഗങ്ങൾകൊണ്ടു മ
ഹാചല ശൃംഗങ്ങളെല്ലാം ഭംഗമാക്കിയും പാരമ
ലറിച്ചുരമാന്തി ക്രൂരമായുള്ള ഖുരക്ഷെപണം
കൊണ്ടുതന്നെ പാരിടമെല്ലാമൊക്കപ്പിളൎന്ന ച
മകയും ചണ്ഡശൃംഗാഗ്രവിഭിന്നങ്ങളാം ഘന
ങ്ങളെ ഖണ്ഡിച്ചുഖണ്ഡിച്ചുടൻ ഭൂമിയിൽ പ
തിക്കയും ഇങ്ങിനെകൊപിച്ച സുരെശാരനു
ത്തെപ്പൊൾ മംഗലയായിട്ടുള്ള ചണ്ഡികാ ദെ
വിതാനും പാശക്ഷെപണംകൊണ്ടു ബന്ധി
ച്ചാളവനെയും ആശു സിംഹാകൃതിയാശ്ശു ഴി
ച്ചാൻപാശത്തെയും തൽക്കഴുത്തറുത്തെപ്പൊൾ
കാണായി പുരുഷനായി ഖഡ്ഗവുന്ധരിച്ച
പ്പൊൾ പുരുഷന്തന്നെ ദെവി ബാണങ്ങൾ
കൊണ്ടുകൂടി ഖഡ്ഗചൎമ്മങ്ങളൊടും കാണായിത

പ്പൊളൊരുഗജമായ്മഹിഷനെ തൽക്ഷണെ
പിടിച്ചിഴച്ചിടിനാൻമൃഗെന്ദ്രനെ തൽക്കരംഖ
ഡ്ഗംകൊണ്ടു ഛെദിച്ചുമഹെശ്വരി തല്ക്കാലെമ
ഹിഷനായ്മഞ്ഞൊന്നസുരെന്ദ്ര നൊക്കയൊ
ന്നിളകിതു ലൊകങ്ങൾമൂന്നുമപ്പൊൾ ക്രുദ്ധ
യാംജഗന്മാതാവായച ണ്ഡികാദെവീ ഉത്തമ
മായമധുപാനവുന്തുടങ്ങിനാൾ ചണ്ഡികാദെ
വീപൊട്ടിച്ചിരിച്ചുംപാനഞ്ചെയ്തു മണ്ഡലാകാ
രംപൂണ്ടു ചുവന്നുനയനങ്ങൾ അന്നെരം ബ
ലവീൎയ്യമദഗൎവ്വിതനായെ നിന്നെററ മലറി
യുന്മഹിഷൻവിഷാണങ്ങൾ കൊണ്ടു ദെവി
യെപ്രക്ഷെപിച്ചുനില്പതുദെവീ കണ്ടുസായക
ങ്ങളാൽ ചൂൎണ്ണമാക്കിനാൾകായം അട്ടഹാസവു
മിടിവെട്ടീടുംവണ്ണമപ്പൊൾ നിഷ്ഠുരതരംദെവി
ദുഷ്ടനൊടരുൾചെയ്തു ഗൎജ്ജനഞ്ചെയ്തു കൊൾ
കമൂഢനീകിഞ്ചിൽകാല മിജ്ജനമ്മധുപാന
ഞ്ചെയ്യൊളംദുരാത്മാവെ നിൎജ്ജരാദികളെല്ലാം
ഗൎജ്ജനഞ്ചെയ്യീടുവൊർ ദുൎജ്ജനശ്രെഷ്ഠ ഭവ
നെന്നാലെഹതനായാൽ ഇത്തരമരുളിച്ചെയ്തു

പ്ലുതിച്ചവൻമെയ്യിൽ സത്വരംകരയെറി കഴു
ത്തിൽപാദാബ്ജംകൊ ണ്ടാക്രമിച്ചിട്ടു ശൂലം
കൊണ്ടുകുത്തിയനെരംനിഷ്ക്രമിച്ചിതു ഖഡ്ഗച
ൎമ്മങ്ങൾധരിച്ചവൻ തൃക്കാൽകൊണ്ടപ്പൊളമു
ഴ്ത്തീടിനാൾജഗന്മാതാ പദ്ധനിഷ്ക്രാന്ത നായെ
യുദ്ധഞ്ചെയ്വതിനവൻ ഉത്ഥാനം ചെയ്തീടുവാ
നാരംഭിച്ചതുനെരം ഖഡ്ഗത്താൽ വെട്ടിയറു
ത്തീടിനാൾതലയപ്പൊൾ വിഗ്രഹത്തൊട്ടു
വെൎവ്വിട്ടവനുംവീണീടിനാൻ ത്രൈലൊക്യനി
വാസികൾ നഷ്ടനാമസുരെന്ദ്രമാലൊക്യജയ
ജയെത്യുച്ചത്തിൽസ്തുതിചെയ്താർ ആഹവെമ
ഹാസുരന്മഹിഷന്മരിച്ചപ്പൊളാഹാകാരെണ
മരിച്ചീടിനാരസുരരും ദെവവൃന്ദവും മുനിവൃ
ന്ദവുംഭക്തിയൊടെ ദെവിയെസ്തുതിക്കയും നൃ
ത്തംചെയ്തീടുകയും പാടുനുഗന്ധൎവ്വന്മാ രാട്ടു
നുദിവ്യസ്ത്രീകൾ തെട്ടുനുസന്തൊഷവുംവി
ബുധാദികളെല്ലാം അദ്ധ്യായംമൂന്നുമെവം ക
ഴിഞ്ഞുനിങ്ങൾക്കിതി ലത്യാശയുണ്ടെന്നാകി
ലിനിയുംചൊല്ലാമെല്ലൊ ... ... ... ... ❀

## ചതുൎത്ഥാദ്ധ്യായഃ

അഞ്ചുനിറമുള്ളകൊഞ്ചുമൊഴിയാളെ നെഞ്ചെന്തെളിഞ്ഞുനീ ചൊല്ലിടുശെഷവും എങ്കിലൊകെൾപ്പിന്മഹിഷനെക്കൊന്നാശു സങ്കടത്തിന്തീൎത്തൊരുദെവിയെസ്സാദരം ഇന്ദ്രാദിദെവകളുമ്മുനിവൎഗ്ഗവുംവന്ദിച്ചുകൂപ്പിസ്തുതിച്ചു തുടങ്ങിനാർ നിശ്ശെഷദെവാംശ മൂൎത്തിയാംദെവിയാൽ വിശ്വമെല്ലാംനിറയപ്പെട്ടിരിക്കുന്നുനിശ്ശെഷദെവമുനിഗണെപൂജ്യയാം വിശ്വെശ്വരിക്കു നമസ്കാരമെപ്പൊഴും മംഗലയാകിയലൊകമാതാമുദാമംഗലംനൽകുക ഞങ്ങൾക്കുസന്തതം യാതൊരുലൊകമാതാവിൻ പ്രഭാവങ്ങൾധാതാവിനുംപുരാരിക്കുമനന്തനും വാഴ്ത്തുവാനാവതല്ല ങ്ങിനെയുള്ളൊരു കാത്യായിനീദെവി കാത്തുകൊള്ളെണമെ ലൊകരക്ഷക്കുമശുഭനാശത്തിനും ലൊകനാഥെദെവികല്പിക്കവെണമെ യാതൊരുദെവീസുകൃതികൾ മന്ദിരെ ശ്രീദെവിയായതും പാപികൾമന്ദിരെനി

ത്ര്യമലക്ഷ്മിയാകുന്നതുംകെവലം പണ്ഡിതന്മാ
രുള്ളിൽ ബുദ്ധിയാകുന്നതും പുണ്യാത്മനാമു
ള്ളിൽശ്രദ്ധയാകുന്നതും സൽക്കുലജന്മിനാം
ലജ്ജയാകുന്നതും ദുഃഖനാശെ നിന്തിരുവടി
താനെല്ലൊ അങ്ങിനെയുള്ളദെവിക്കു നമസ്കാ
രമിങ്ങിനെവിശ്വത്തെ രക്ഷിക്ക വെണമെ
എന്നുവൎണ്ണിപ്പതു ചിന്ത്യരൂപമെന്തു വ
ൎണ്ണിപ്പതുവീൎയ്യമഹാത്മ്യം എന്തു വൎണ്ണിപ്പതു
യുദ്ധവൈദഗ്ദ്ധ്യങ്ങൾ സന്തതന്നെ നമസ്കാ
രംജഗന്മയെ സൎവ്വപ്രപഞ്ചത്തിനും ഹെതുഭൂ
തയാംസൎവ്വാശ്രയെ ത്രിഗുണാത്മികെ ശാശ്വ
തെ നാഥെഹരിഹരബ്രഹ്മാദികളാലു മെതുമറി
ഞ്ഞുകൂടാതെജഗന്മയെ സൎവ്വന്തവൈവാംശഭൂ
തംജഗദിദമവ്യാകൃതയാം പ്രകൃതിയാകുന്നതും
സ്വാഹെത്യുദിൎയ്യമവെഷുസുരഗണം ദാഹമക
ന്നുടൻ തൃപ്തിയെപ്രാപിപ്പൂ പിന്നെസ്വധാ
ശബ്ദമുച്ചാൎയ്യകൎമ്മണി നന്നാല്പിതൃക്കളും തൃ
പ്തിയെപ്രാപിച്ചു സൎവ്വെന്ദ്രിയങ്ങളെയു മട
ക്കിസ്സദാസൎവ്വദാമൊക്ഷാൎത്ഥികളാ മുനികളാ

ൽ അഭ്യസിക്കപ്പെട്ടിരിക്കുന്നവിദ്യയാം ചി
ല്പുരുഷപ്രിയെ ദെവിനമസ്കാരം ഉൽഗീതപാഠ
ങ്ങളായസാമങ്ങൾക്കു മൂശ്യജ്ജുഷ്ടാംമൂലമായശ
ബ്ദാത്മികെ സൎഗ്ഗസ്ഥിതിലയഹെതു ത്രയീമ
യെ ദുൎഗ്ഗഭവാൎണ്ണവത്തിന്നുതരണിയാം ദുൎഗ്ഗെ
മഹാശാസ്ത്രബൊധമെധെശിവെ സ്വൎഗ്ഗാപ
വൎഗ്ഗദെനിത്യന്നമൊസ്തുതെ വൈകുണ്ഠവക്ഷ
സ്ഥലാലയെമംഗലെ ശ്രീകണ്ഠവല്ലഭെഗൌ
രിനമൊസ്തുതെ ദെവീപ്രസാദെനനല്ലതും വ
ന്നീടുംദെവിതൻകൊപെനനാശവുംവന്നീടും
യാതൊരുപുരുഷന്മാരെക്കുറിച്ചുള്ളിൽ പ്രീതി
ഭവിക്കുന്നിതംബെയ്യവരെല്ലൊ സമ്മതന്മാര
വൎക്കെല്ലൊധനങ്ങളുനിൎമ്മലമായയശസ്സു മ
വൎക്കെല്ലൊ ബന്ധുവൎഗ്ഗത്തിനുദുഃഖ മകപ്പെ
ടാസന്തതിഭൃത്യകളത്രസൌഖ്യങ്ങളാൽ ധന്യ
ന്മാരാകുന്നതുമവരെപ്പൊഴും പുണ്യകൎമ്മങ്ങളെ
ച്ചെയ്യുന്നതുമവർ സ്വൎഗ്ഗാനുഭൂതിയുമുണ്ടാമ്പരു
മൊരു ദുഃഖമൊരുനാ ളുമുണ്ടാകയില്ലെല്ലൊ
ഭീതന്മാർചിന്തിച്ചുസെവിച്ചുകൊള്ളുകിൽ ഭീ

തിയെല്ലാമകന്നീട്ടു ദ്രുതതരം സ്വസ്ഥന്മാരായു
ള്ളോൎസെവിച്ചുകൊള്ളുകിൽ ചിത്തവും ശു
ദ്ധമായ്വന്നുകൂടുംഉടധം ദാരിദ്ര്യദുഃഖഭയങ്ങളെ
നീക്കുവാ നാരിത്രിഭുവനത്തിൽ നീയെന്നി
യെതുല്യമില്ലെല്ലൊപരാക്രമത്തിന്നതെ കല്യാ
ണരൂപം ഭയഹരമെത്രയും ചിത്തെകൃപയുണ്ടു
ദീനജനംപ്രതി യുദ്ധെകഠൊരത്വവും പാരമു
ണ്ടല്ലൊ ലൊകത്രയംത്വയാ പാലിതമായിതു
ശൊകമകന്നിതുഞങ്ങൾക്കൊക്കവെ ശൂലെ
നപാലിച്ചുകൊള്ളുകഞങ്ങളെ പാലിച്ചുകൊള്ളു
ക ഖഡ്ഗനചണ്ഡികെ പാലിക്കഘണ്ടാനിനാ
ദെനഞങ്ങളെ പാലിക്കചാപ ജ്യാനാദെനസ
ന്തതം നാലുദിക്കിങ്കലും പാലിച്ചുകൊള്ളുക പാ
ലിക്കസൌമ്യങ്ങളായ രൂപങ്ങൾതെ പാലിക്ക
ഘൊരമായുള്ള രൂപങ്ങളുംപാലിച്ചു കൊള്ളുക
ദെവിശസ്ത്രെണതെ സ്വൎഗ്ഗവും ഭൂമണ്ഡല
ത്തെയുംരക്ഷിക്ക ദുൎഗ്ഗെഭഗവതിനിത്യന്നമൊ
സ്തുതെ ഇന്ദ്രാദിദെവകളിത്ഥം സ്തുതിചെയ്തു ന
ന്ദനൊൽഭൂതപ്രസൂനങ്ങളെയൎച്ചിച്ചുദിവ്യമാം

ഗന്ധാനുലെപനാദ്യംകൊണ്ടുഗവ്യഹവ്യാദിക
ൾകൊണ്ടുപൂജിച്ചുടൻതൃപ്തിവരുത്തിനമസ്കരി
ച്ചീടിനാരപ്സരസ്ത്രീകളുംപാടി നാട്യഞ്ചെയ്താർ
ദെവകളൊടരുളിച്ചെയ്തിതന്നെരം ദെവിയുമെ
റ്റംപ്രസാദിച്ചുസാദരം സന്തുഷ്ടയായിതുഞാ
നിനിനിങ്ങൾക്കു ചിന്തിതംചൊല്ലീടുവിൻ വ
രംനൽകുവൻ എങ്കിലൊമാനുഷരിസ്തുതിചൊ
ല്ലുകിൽ സങ്കടന്തീൎത്തുസമ്പത്തുനൽകെണമെ
അങ്ങിനെതന്നെയൊരന്തരമില്ലിനി നിങ്ങൾ
സുഖിച്ചു വസിച്ചാലുമെവരും എന്നരുൾചെ
യ്തുമറഞ്ഞിതുദെവിയും വിണ്ണവരുംചെന്നു പു
ക്കാർനിജാലയെ കെൾക്കനൃപെന്ദ്രവൈശ്യൊ
ത്തമനിങ്ങളെന്നാക്കമെറ്റുംമുനിശ്രെഷ്ഠനരുൾ
ചെയ്തു പില്പാടുഗൌരികളെബരത്തിങ്കൽ നി
നുല്പന്നയായിതുമായാഭഗവതി സുംഭനിസും
ഭന്മാരെക്കൊല്ലുവാനതും സംപ്രീതിയൊടു കെ
ൾപ്പിൻപറഞ്ഞീടുവൻ ഇത്ഥമരുൾചെയ്തു താ
പസശ്രെഷ്ഠനു മദ്ധ്യായവുന്നാലിവിടെ ക
ഴിഞ്ഞിതു ... ... ... ... ... ... ❀

## പഞ്ചമൊദ്ധ്യായഃ

പണ്ടസുരെശന്മാരായിരുവരുമുണ്ടായ്വ
ന്നിതുസുംഭനിസുംഭന്മാർ എത്രയുംബാല്യകാ
ലെചെന്നിരുവരുഞ്ചിത്തമുറച്ചുതപസ്സുതുടങ്ങി
നാർ പുണ്യപ്രദെശമാംപുഷ്കരംപ്രാപിച്ചു നി
ന്നുപതിനായിരംദിവ്യവത്സരം പ്രത്യക്ഷനാ
യവിരിഞ്ചനാൽകാംക്ഷിതന്ദത്തമായ്വന്നു വര
വുമവൎക്കെല്ലാം ഇന്ദ്രാധികാരവും സൂൎയ്യാധികാ
രവും ചന്ദ്രാധികാരവുമെല്ലാമടക്കിനാർ കൌ
ബെരകൎമ്മവുംയാമ്യവുംവാരുണം പാവനമാ
ഗ്നെയമായുള്ളകൎമ്മവും ലൊകങ്ങളുംയജ്ഞഭാ
ഗങ്ങളുമവരൊക്കയടക്കിനാരല്പകാലാന്തരാൽ
ദെവകൾക്കുള്ളനിലയങ്ങളിലവർ സെവകന്മാ
രെയുമൊക്കനിയൊഗിച്ചാർ ദെവെന്ദ്രനും ഭ്ര
ഷ്ടരാജ്യനായിതന്നുടെ ദെവിയാം പൌലൊ
മിയൊടുംപുറപ്പെട്ടു ദെവകൾദെവിമാരൊടുമ
നുഷ്യരായ്ഭവിച്ചു ഭിക്ഷയുമെറ്റുനടന്നിതു ദെ

ഹവ്യമെററമ്മെലിഞ്ഞുവശംകെട്ടു ദാഹവ്യംപൂ
ണ്ടുനടക്കമാറായിതു ചെന്നുചതുൎയ്യുഗംനാലതു
മിങ്ങിനെ പിന്നെവിരിഞ്ചനെച്ചെന്നു വണ
ങ്ങിനാർ ദുഃഖശാന്തിക്കു വിരിഞ്ചനൊടുംകൂടി
ദുൎഗ്ഗാഭഗവതിയെസ്മരിച്ചീടിനാർ മുന്നമു
ക്കുവരമരുളിച്ചെയ്തിതെന്നവഴിയെ നിരൂപി
ച്ചുകൊള്ളുവിൻ എന്നാലകററുവെ നാപത്തുക
ളെല്ലാ മെന്നരുൾചെയ്തുചിന്തിച്ചുദെവകൾ
ചെന്നുഹിമവാൻകലാമാറുനിന്നവർ നന്നാ
യിസ്തുതിച്ചാർമഹാദെവിയെത്തദാ: ദെവിശി
വെമഹാദെവിനമൊനമഃ ദെവിപ്രകൃതിഭദ്രെ
തെനമൊനമഃ രൌദ്രെനമൊനമൊ ഗൌരിന
മൊനമഃധാത്രിനമൊനമൊജ്യൊത്സ്നനമൊന
മഃ ചന്ദ്രസ്വരൂപിണിദെവി നമൊനമഃക
ല്യാണിതെപ്രണതാൎത്തിഹരെനമൊ ത്രൈവി
ക്രമിനമൊദെവിനമൊനമഃ നൈരൃതിഭൂഭൃതാം
ലക്ഷ്മിനമൊനമഃ ശൎവ്വാണിതെനമൊദുൎഗ്ഗെന
മൊനമഃ ദുൎഗ്ഗപാരെദെവിസാരെ നമൊനമഃ
സൎവ്വകാരിനമഃഖ്യാതിനമൊനമഃകൃഷ്ണെനമൊ

നമൊ ധൂമ്രെനമൊനമഃ സൌമ്യൈ പുനരതി
സൌമ്യനമൊനമഃ നിത്യംജഗൽപ്രതിഷ്ഠ
തൈനമൊനമഃ ഭൂതിപ്രദൈനമൊഭൂതിനമൊനമഃ
യാതൊരുദെവിസകല ഭൂതങ്ങളിൽ വിഷ്ണുമാ
യെതിചൊല്ലപ്പെടുന്നുസഭാരങ്ങളിന്നെയുള്ളദെ
വിക്കുനമസ്കാര മംഗലന്നൽകുവാന്ദെവിന
മൊനമഃയാതൊരുദെവിസകലഭൂതങ്ങളിൽശ
ക്തിസ്വരൂപിണിയായ്വസിക്കുന്നതും യാതൊ
രുദെവിസകലഭൂതങ്ങളിൽചെതനാരൂപിണി
യായ്വസിക്കുന്നതും യാതൊരുദെവി സകലഭൂ
തങ്ങളിൽബുദ്ധിസ്വരൂപിണി യായ്വസിക്കു
ന്നതും യാതൊരുദെവിസകലഭൂതങ്ങളിൽ സൃ
ഷ്ടിസ്വരൂപിണിയായ്വസിക്കുന്നതും യാതൊ
രുദെവിസകലഭൂതങ്ങളിൽനിത്യംസ്ഥിതരൂപി
ണിയായ്വസിപ്പതും യാതൊരുദെവി സകലഭൂ
തങ്ങളിൽ സംഹൃതിരൂപിണിയാ യ്വസിക്കുന്ന
തും യാതൊരുദെവിസകലഭൂതങ്ങളിൽ നിത്യ
സ്വരൂപിണിയായ്വസിക്കുന്നതും യാതൊരുദെ
വിസകലഭൂതങ്ങളിൽ നിത്യദയാ രൂപിണി

യായ്വസിപ്പതും യാതൊരുദെവി സകലഭൂതങ്ങ
ളിൽ കീൎത്തിസ്വരൂപിണിയായ്വസിക്കുന്നതും
യാതൊരുദെവിസകലഭൂതങ്ങളിൽ വിദ്യാസ്വ
രൂപിണിയായ്വസിക്കുന്നതും യാതൊരു ദെവി
സകലഭൂതങ്ങളിൽ ശ്രദ്ധാസ്വരൂപിണിയായ്വ
സിക്കുന്നതും യാതൊരുദെവി സകലഭൂതങ്ങളി
ൽ ലജ്ജാസ്വരൂപിണിയായ്വസിക്കുന്നതും യാ
തൊരുദെവിസകലഭൂതങ്ങളിൽ മെധാസ്വരൂ
പിണിയായ്വസിക്കുന്നതും യാതൊരുദെവിസ
കലഭൂതങ്ങളിൽ സ്വാഹാസ്വരൂപിണിയായ്വ
സിക്കുന്നതും യാതൊരുദെവി സകലഭൂതങ്ങളി
ൽ പിന്നെസ്വധാരൂപിണിയാ യ്വസിപ്പതും
യാതൊരുദെവി സകലഭൂതങ്ങളിൽ നിത്യംക്ഷു
ധാരൂപിണിയായ്വസിപ്പതും യാതൊരു ദെവി
സകലഭൂതങ്ങളിൽ നിദ്രാസ്വരൂപിണിയാ യ്വ
സിക്കുന്നതും യാതൊരുദെവിസകലഭൂതങ്ങളി
ൽ നിത്യംപ്രഭാരൂപിണിയായ്വസിപ്പതും യാ
തൊരുദെവിസകലഭൂതങ്ങളിൽ ഭക്തിസ്വരൂ
പിണിയായ്വസിക്കുന്നതും യാതൊരുദെവിസ

കലഭൂതങ്ങളിൽ ക്ഷാന്തിസ്വരൂപിണി യായ്വസിക്കുന്നതും യാതൊരുദെവിസകലഭൂതങ്ങളിൽ നീതിസ്വരൂപിണിയായ്വസിക്കുന്നതും യാതൊരുദെവിസകലഭൂതങ്ങളിൽ നിത്യമതി രൂപിണിയായ്വസിപ്പതും യാതൊരുദെവി സകലഭൂതങ്ങളിൽ നിത്യംരതിരൂപിണിയായ്വസിപ്പതും യാതൊരുദെവിസകലഭൂതങ്ങളിൽ നിത്യംസ്മൃതിരൂപിണിയായ്വസിപ്പതും യാതൊരുദെവിസകലഭൂതങ്ങളിൽ തൃപ്തിസ്വരൂപിണി യായ്വസിക്കുന്നതും യാതൊരുദെവി സകലഭൂതങ്ങളിൽ പുഷ്ടിസ്വരൂപിണിയായ്വസിക്കുന്നതും യാതൊരുദെവിസകലഭൂതങ്ങളിൽ തുഷ്ടിസ്വരൂപിണിയായ്വസിക്കുന്നതും യാതൊരുദെവി സകലഭൂതങ്ങളിൽ ശാന്തിസ്വരൂപിണി യായ്വസിക്കുന്നതും യാതൊരുദെവിസകലഭൂതങ്ങളിൽ ലക്ഷ്മീസ്വരൂപിണി യായ്വസിക്കുന്നതും യാതൊരുദെവിസകലഭൂതങ്ങളിൽ തൃഷ്ണാസ്വരൂപിണിയായ്വസിക്കുന്നതും യാതൊരു ദെവി സകലഭൂതങ്ങളിൽ ഹിംസാസ്വരൂപിണിയാ

യ്വസിക്കുന്നതും യാതൊരുദെവിസകലഭൂതങ്ങ
ളിൽ സിദ്ധിസ്വരൂപിണിയായ്വസിക്കുന്ന
തും യാതൊരുദെവിസകലഭൂതങ്ങളിൽ വ്യാ
പ്തിസ്വരൂപിണിയായ്വസിക്കുന്നതും അങ്ങി
നെയുള്ളദെവിക്കുനമസ്കാര മ്മംഗലംനൽകു
വാൻദെവിന്നമൊനമഃ ചൈതന്യരൂപെണസ
ൎവ്വലൊകങ്ങളും വ്യാപിച്ചുവാഴുന്ന ദെവിന
മൊനമഃ ഇന്ദ്രിയങ്ങൾക്കധിഷ്ഠാത്രിയാസ്സന്ത
തംജന്തുക്കളുള്ളിൽവാഴുന്നമായെശിവെ ഭദ്രങ്ങ
ളായശുഭങ്ങൾനൽകിടുക ഭദ്രെഭഗവതിനിത്യ
നമൊസ്തുതെ॥ ഭക്തിപരവശന്മാരായ ദെവക
ളിത്തരംചൊല്ലിസ്തുതിച്ചൊരനന്തരം പാവന
യാകിയദെവതടിനിയിൽ പാൎവ്വതിദെവി കു
ളിപ്പാൻപുറപ്പെട്ടു ദെവകളൊടരുളി ച്ചെയ്തു
ദെവിയും „ദെവകളെനിങ്ങളാൽസ്തുതിക്കപ്പെട്ട
ദെവിഗിരിജാശരീരകൊശത്തിൽനി ന്നാവി
ൎഭവിക്കുമെന്നാലസുരന്മാരെനിഗ്രഹിച്ചുപൊ
ടനുഗ്രഹിക്കുംദ്രുതം വ്യഗ്രംകളഞ്ഞാലുംദെവക
ളെനിങ്ങൾ കൌശികിയെന്നൊരുനാമമുണ്ടാ

യ്വരുമാ ശ്രീഹിമാചലപുത്രിയുമന്നേരം കൃഷ്ണയാ
യ്വന്നിട്ടമപ്പൊൾ ഭവാനിക്കു കാളിയെന്നുമൊ
രുനാമമുണ്ടായ്വരും എന്നരുൾചെയ്തു മനൊഹ
രമായൊരു സുന്ദരരൂപന്ധരിച്ചുകാണായ്വന്നു
മന്ദമന്ദന്തുഹിനാദ്രിശൃംഗത്തിന്മെൽ സുന്ദരി
യായൊരുകന്ന്യകാവെഷമായിസംപൂർണ്ണയൌ
വനത്തൊടുടൻഷൊഡശ സംവത്സരംവയ
സ്സുന്ധരിച്ചങ്ങിനെ പൊന്നുഴിഞ്ഞാലുമാടിപ്പാ
ടിനല്ലൊരു തന്വിയായ്വന്നുചിരകാലമംബയും
ഭൂമൌയദൃച്ഛയാസഞ്ചരിച്ചീടിനാൾ കാമരൂപ
ന്മാരാംചണ്ഡനുംമുണ്ഡനും സുംഭനിസുംഭഭൃ
ത്യന്മാരിരുവരു മംബികയെക്കണ്ടാരക്കാലമെ
കദാ സുസ്മിതാസ്യംപൂണ്ടകന്ന്യകയെക്കണ്ടുവി
സ്മയംകൈക്കൊണ്ടുചെന്നുപുരിപുക്കാർ സുംഭ
നെക്കണ്ടറിയിച്ചാരവരുമൊരംഭൊരുഹാക്ഷി
യെഞങ്ങൾകണ്ടുബലാൽ പ്രാലെയശൈല
ശിഖരദെശെപുന രാലൊലമായൊരുപൊന്നൂ
ഞ്ഞാലുമാടി നല്ലരൂപമവളെപ്പൊലെ കാണ്മ
തി നില്ലലൊകങ്ങളിലെങ്ങു മന്വെഷിച്ചാൽ

സ്ത്രീരത്നമായൊരവളെ വഹിക്കുന്ന പൂരുഷനെ
ല്ലൊ ജഗത്രയനായകൻ ചെന്നവളെക്കൊണ്ടു
വെണം ഭവാനിനി മന്നവകാലംകളയരുതെ
തുമെ ദെവിയുമല്ല ഗന്ധൎവ്വിയുമല്ലവൾ കെവ
ലം യക്ഷിയും പന്നഗിയുമല്ല താതനുമില്ല ബ
ന്ധുക്കളുമില്ലൊരു ഭ്രാതാക്കളുമില്ല രക്ഷിപ്പാനാ
രുമെ ഏകാകിനിയായിരിക്കുന്നു നിൎജ്ജനെ രാ
കാശശിമുഖി സംപൂൎണ്ണയൌവനാ യൊഗ്യയാ
കുന്നതവൾ നിനക്കെത്രയും ഭാഗ്യവതാം വര
വീരശിഖാമണെ രത്നഭൂതങ്ങളായുള്ള പദാൎത്ഥ
ങ്ങൾ കൃത്സ്നമാൎജ്ജിച്ചു പുരിയിലാക്കിലയൊ
നമ്മുടെ രാജധാനിക്കലങ്കാരമാ നിൎമ്മലസ്ത്രീ
രത്നമായ യുവതിയാൽ" ചണ്ഡമുണ്ഡാകൃതിക
ളിങ്ങിനെ കെൾക്കയാൽ ഖണ്ഡിതധൈൎയ്യനാ
യ്യുന്നിതു സംഭ്രമം അഗ്രെ വിളിച്ചു വരുത്തിന
യജ്ഞനാം സുഗ്രീവനൊടു പറഞ്ഞാന്മധുരമാ
യി „എതുമെ വൈകാതെ നീ ചെന്നനുസരിച്ചാ
ദരവൊടവളെക്കൊണ്ടുപൊരിക പാരുഷ്യവാ
ക്കുകൾ ചൊല്ലരുതെതുമെ നാരിമാരൊടതു ഞാ

ൻപറയെണമൊ നീതിമാന്മാരിൽവെച്ചഗ്രെ
സരനായ മെധാവിയെല്ലൊഭവാനതുകൊണ്ടു
ഞാൻ നിന്നെയയക്കുന്നുപൊയാലു മെങ്കില
ക്കന്യകയെക്കൂട്ടിക്കൊണ്ടിങ്ങുപൊരികഉത്ഥന്നി
യുക്തനായൊരു സുഗ്രീവനു മുത്ഥാനവു ഞ്ചെ
യ്യിതല്ലൊസൈന്യത്തൊടും വെഗെനപൊയ്യഷാ
രാദ്രിദെശെചെന്നു ലൊകമാതാവിനെക്കണ്ടു
ചൊല്ലീടിനാൻ വിശൈപകനാഥനാംസുംഭാ
സുരെന്ദ്രനു വിശ്വാസമുള്ളദൂതൻഞാന്മനൊ
ഹരെ ഞാനവൻതൻനിയൊഗെന വന്നീടി
നെൻ മാനിനിമാർകുലമൌലികെബാലികെ
വീരനാംസുംഭാസുരാജ്ഞയെലംഘിപ്പാ നാരു
മില്ലീരെഴലൊകങ്ങളിലെടൊ അങ്ങിനെയുള്ള
വന്തന്നുടെവാക്കുകൾമംഗലശീലെപറയുന്ന
തുണ്ടുഞാൻ വിശ്വമെല്ലാമധീനമ്മമ സന്തത
ന്നിശ്ശെഷദെവകളുംവശന്മാരെല്ലൊ യജ്ഞ
ഭാഗങ്ങൾഭുജിക്കുന്നതുമഹം രത്നഭൂതങ്ങളെല്ലാ
മിനിക്കാകുന്നു ദൈവെന്ദ്രവാഹനമാകുമൈരാ
വത ന്റെവിഗ്രജരത്നവുമിനിക്കാകുന്നു ക്ഷീ

ഒരാഭജാതമാ മശ്വരത്നമമ്മ പാരിജാതവൃക്ഷ
രത്നമതുമമ്മ പിന്നെയുന്ദെവഗന്ധവ്വാദികൾ
ക്കുള്ള ധന്യരത്നങ്ങളെല്ലാമിനിക്കാകുന്നു സ്ത്രീ
രത്നഭൂതയാകുന്നതുനീയെന്നു നാരീതിലകമെ
മന്ന്യെമനൊഹരെ ഞങ്ങളെല്ലൊരത്നഭൊക്താ
ക്കളാകയാ ലിങ്ങുപൊന്നിടുകമാനിനീരത്നമെ
എന്നെ യെന്നാകില്ലു മെന്നുടെസൊദരൻ ത
ന്നെയെന്നാകില്ലുമാശുഭജിക്കനീ നീമല്ലനിഗ്ര
ഹമാശ്ശുരുവീടുകിൽ ശ്രീമദൈശ്വൎയ്യംഭുജിക്കാം
നിനക്കെടൊ ഇത്ഥംവിചാരിച്ചുബുദ്ധ്യാ വി
നിശ്ചിത്യ ഭദ്രെഭജിക്കമാംത്രൈലൊക്യമൊഹ
നെ″സുംഭവാക്യന്ദാസുഗ്രീവനിങ്ങിനെസം
ഭാഷണംചെയ്യു നെരത്തുദെവിയും ഗംഭീരമ
ന്തസ്മിതഞ്ചെയ്തുട്ടതനൊ ടംഭൊജലൊചനതാ
നമരുൾചെയ്തു ″സത്യമെത്രെനീപറഞ്ഞതു നി
ൎണ്ണയം മിഥ്യയല്ലെതുമിനിയിതു കെൾക്കനീ
സുംഭനെത്രൈലൊകനാഥനാകുന്നതും വൻപ
ൻനിസുംഭനു ന്താദൃശന്നിൎണ്ണയം കല്പിതമെ
ന്നാൽപുരൈവപ്രതിജ്ഞയൊ ന്നിപ്പൊളതെ

ങ്ങിനെമിത്ഥ്യയാക്കീട്ടന്നു എത്രയുംപാൎത്താല
സാരമായുള്ളൊരു സത്യപ്രതിജ്ഞയതാകുന്ന
തുംദൃഢം എന്നെയുധെജയിക്കുന്ന പുരുഷനാ
രെന്റടെദൎപ്പമടക്കുന്നതാരെടൊ ഭൎത്താവിനി
ക്കവനാകുന്നതെന്നൊരു സത്യമിനിക്കുണ്ടതു
ധരിച്ചീട്ടനീ സുംഭനെച്ചെന്നിതുകെൾപ്പിക്ക
വൈകാതെവൻപൊടവനെന്നെക്കൊണ്ടുപൊ
യ്ക്കൊണ്ടാലും എന്നതുകെട്ടസുഗ്രീവനു ഞ്ചൊ
ല്ലിനാൻ നന്നുനന്നിപ്രബന്ധ നിരൂപി
ച്ചാലും സുംഭനിസുംഭന്മാരൊടിന്നവരുടെ മു
ൻപിൽനിൽക്കുന്നതാരായൊധനത്തിനു നി
യ്യൊരുകന്യകയെല്ലൊവിശെഷിച്ചും പെയായ
വാക്കുകൾചൊല്ലുന്നതെന്തുനീ നിന്നെത്തല
മുടിചുററിപ്പിടിച്ചിഴ ച്ചിന്നുഞാൻ കൊണ്ടു
പൊയാലെന്തുവെണ്ടതും എങ്കിലൊന്നെല്ലൊ
നിതന്നെവല്ലഭൻ സങ്കടമെതുമിനിക്കില്ലതി
നെടൊ ഇത്ഥംപലതുംപറയുന്നതെന്തിനു സ്വ
തപരംസുംഭനൊടെവംപറകനീ യുക്തമായുള്ള
തുചെയ്യുകൊള്ളുമവൻ സത്യവുംപാലിച്ചുകൊ

ള്ളൂ ൟവഴിപൊലെ അദ്ധ്യായമഞ്ചുമിവിടെക്ക
ഴിഞ്ഞിതു ഭക്ത്യാചെവിതന്നുകെൾപ്പിൻകഥാ
മൃതം. ... ... ... ... *

## ഷഷ്ഠാദ്ധ്യായഃ

ദെവിതൻവാക്കുകൾകെട്ടുതൻചെന്നു ദെ
വാരിയാകിയസുംഭനെക്കെൾപ്പിച്ചാൻ കൊ
പംമുഴുത്തൊരുസുംഭനുഞ്ചൊല്ലിനാൻ നീപൊ
കസെനയൊടുംധൂമ്രലൊചന ചെന്നുതലമുടി
ചുററിപ്പിടിച്ചിഴ ച്ചെന്നുടെസന്നിധൌകൊ
ണ്ടുവന്നീടുനീ രക്ഷിപ്പതിനുണ്ടൊരുത്തനവ
ൾക്കെങ്കിൽ തൽക്ഷണെകൊന്നു കളഞ്ഞാലു
മാശുനീ രക്ഷൊവരനാകിലു ന്ദെവനാകിലും.
യക്ഷനെന്നാകിലുംഗന്ധവ്വനാകിലും ഹന്തവ്യ
നില്ലൊരുസംശയമെതുമെ ചിന്തിക്കവെണ്ട
വിരിയെവരികനീ മാനെനപൊയാനറുപതി
നായിരം ദാനവന്മാരുമായിധൂമ്രവിലൊചന
ൻ പ്രാലെയശൈലംപ്രവെശിച്ചുചൊല്ലിനാ

ൻ നീലാരവിന്ദാക്ഷിയൊടുകൊപാന്ധനായി
പൊരികെന്നൊടുകൂടെസ്സുംഭദൈത്യ വീരസ്വാ
മിപെമടിക്കരുതെതുമെ അല്ലായ്കിലൊഞാൻ
പിടിച്ചിഴെച്ചത്രയു മല്ലൽപ്പെടുത്തിങ്ങുകൊണ്ടു
പൊന്നിണ്ണയം സ്സുംഭനാംത്രൈലൊക്യനാഥമ
ഹാബലൻ" സമ്പർകലാരിനിയൊഗെനവന്നു
നീ വൻപടയൊടുംപിടിച്ചിഴെച്ചെന്നെയും വ
ൻപൊടുകൊണ്ടുപൊകുന്നതിന്നെന്നുഞാൻ ഒ
ത്താലരുതെന്നു ചൊല്ലുവാനാരുമെ പാർത്തല
ത്തിങ്കലില്ലെന്നുനിണ്ണയം" എന്നതുകെട്ടവ
ൻകൊപിച്ചുദെവിയെ ചെന്നുപിടിപ്പാൻ തു
ടങ്ങുന്ദശാന്തരെ ഹുങ്കാരശബ്ദെനഭസ്മമാക്കി
ടിനാൾ ശങ്കാവിഹീനമസുരരന്നതൽക്ഷണെ
ശസ്ത്രാസ്ത്രശക്തിപരശുശ്ശൂലാദികൾ എത്രയു
മെററംപ്രയൊഗിച്ചുട്ടക്കുമ്പൊൾ വാഹനമാ
കിയസിംഹപ്രവരനുമാഹവത്തിന്നായടുത്താ
നതിദ്രുതം ബാഹുപാദാസ്യനഖാദികളെക്കൊ
ണ്ടു സാഹസത്തൊടുകൊന്നൊക്ക യൊടുക്കി
നാൻ ധൂമ്രാക്ഷനും പടയുന്നഷ്ടമാകയാൽ താ

മ്രാക്ഷനായിത്തു കൊപെനസുംഭനും ചണ്ഡമു ണ്ഡന്മാരൊടാശു ചൊല്ലീടിനാൻ ചണ്ഡിയാ ന്ദെവിയെക്കൊണ്ടിങ്ങു പൊരുവിൻ എന്നു പ റഞ്ഞങ്ങയച്ചാനവരെയു നന്നായ്യൊഴുതവരും നടന്നിടീനാർ അദ്ധ്യായമാറുമിവിടെക്കഴിഞ്ഞി ത്തു ബുദ്ധിതെളിഞ്ഞിനിയും കെട്ടുകൊള്ളുവിൻ *

## സപ്തമൊദ്ധ്യായഃ

ചണ്ഡമുണ്ഡന്മാർ പെരുമ്പടയൊടു മച്ച ണ്ഡികാ ദെവിയെച്ചെന്നു കണ്ടീടിനാർ ശൈ ലെന്ദ്രശൃംഗെ മഹാസിംഹകന്ധരെറീലൊല്ലലാ ക്ഷിയെക്കണ്ടാരസുരരും മുൻപിൽഞാൻമുൻ പിൽഞാനെന്നു പറഞ്ഞുടൻ വൻപൊടടുക്ക നവൻപടകണ്ടപ്പൊൾ കൊപമുഴുത്തു മുഖവു ങ്കറുത്തപ്പൊൾ ശൊഭയാം നെററിത്തടത്തിങ്ക ൽനിന്നുടൻ ഉത്ഭവിച്ചീടിനാൾ കാളിയുമെത്ര യുഗ്രദംഷ്ട്രക്ഷ്യമായകരാളമുഖത്തൊടും പാശവു ഖട്വാംഗവും ചൊടപാംഗവുന്ധരി ച്ചാശകളൊക്ക നി

ർത്തനാദത്തൊടും വൃത്തവിസ്താരമാം വക്ത്ര
വുമെത്രയും രക്തനെത്രങ്ങളു ഞ്ചഞ്ചലജിഹ്വയും
മുണ്ഡമാലാഭരണന്ദ്വീപിചൎമ്മവും കുണ്ഡല
വും കുംഭികൊണ്ടണിഞ്ഞങ്ങിനെ ഘൊരാസുര
പ്പടതൻ നടുവിൽപുക്കു വാരിവിഴുങ്ങിവിഴുങ്ങി
ത്തുടങ്ങിനാൾ തെരാളികളെയുമെന്തു മൊരുമി
ച്ചു വാരിപ്പിടിച്ചുകടിച്ചു തകൎക്കയും ഹസ്തിവൃന്ദ
ത്തെയുമശ്വഗണത്തെയും ഹസ്തങ്ങൾകൊണ്ടു
പിടിച്ചുവിഴുങ്ങിയും ഖഡ്ഗഖട്വാംഗ ദന്താഗ്രങ്ങ
ളെക്കൊണ്ടു മുദ്ഗരബാണ നഖരങ്ങളെക്കൊ
ണ്ടും ഖണ്ഡിച്ചൊടുക്കിനാൾ വൻപടയെല്ലാ
മെ ചണ്ഡനും കൊപിച്ചടുത്താ നതുനെരമ
ണ്ഡലാകാരധനുസ്സുമാ സ്സന്നിധൌ കാളി
യെ ബാണങ്ങൾകൊണ്ടു മൂടിടിനാൻ കാളമെ
ഘമ്മഴപെയ്യുന്നതുപൊലെ മുണ്ഡനും ചക്രങ്ങ
ളെപ്രയൊഗിച്ചിതു കണ്ടുകൊപിച്ചടുത്തീടി
നാൾകാളിയും ചണ്ഡനുടെശിരസ്സാശു ഖഡ്ഗ
ത്തിനാൽ ഖണ്ഡിച്ചിതുകാളി കൊപെനതൽ
ക്ഷണെ മുണ്ഡനെഖട്വാംഗ പാതെനകൊന്നു

ഭൂ മണ്ഡലത്തന്നിലിട്ടാ ൎത്താൾഭയംകരം ചണ്ഡമുണ്ഡന്മാരുടെ തലരണ്ടുമ ച്ചണ്ഡികാദെവിതൻ മുമ്പിൽവെച്ചീടിനാൾ സന്തുഷ്ടയായൊരുദെവിയതുകണ്ടു ചിന്തിച്ചു കാളിതന്നൊടരുളിച്ചെയ്തു ചണ്ഡമുണ്ഡന്മാരെന്നി നിഗ്രഹിക്കയാൽ മന്ദംകുറഞ്ഞിതിനിക്കതു കാരണം ചാമുണ്ഡിഎന്നുചൊല്ലി സ്തുതിച്ചീടുവൊർ ഭൂമണ്ഡലത്തിങ്കലുള്ള ജനമെല്ലാം അദ്ധ്യായമെഴ സംക്ഷെപിച്ചു ചൊല്ലിനെൻ ഭക്ത്യാകുതൂഹലംപൂണ്ടുകെട്ടീടുവിൻ ... ... ... ... ... ... ❀

## അഷ്ടമൊദ്ധ്യായഃ

ചണ്ഡമുണ്ഡന്മാർപെരുമ്പടയൊടു മട്ടണ്ഡധരാലയം പുക്കൊരനന്തരം സുംഭനുംകൊപിച്ചുസെനാനികളൊടു വൻപടയൊക്ക വരുവാൻനിയൊഗിച്ചു കംബുക്കളെണ്പത്താറുണ്ടുദൈത്യന്മാർ കൂട്ടമൊരെണ്പത്തുനാലുകംബുക്കളും കൊട്ടവിയന്മാരൊരു നൂറുധൂമ്രന്മാർ ശൌൎയ്യ

മെറിട്ടുന്നകാലകന്മാരൊട്ടം മൌൎയ്യന്മാർ ദൌ
ഹൃദന്മാർ കാലകെയന്മാർ സംഖ്യയില്ലാത്ത പെ
രുമ്പടകണ്ടപ്പൊൾ ശങ്കരദിക്കുകളൊക്ക മറയു
ന്നു കല്പാന്തമെഘങ്ങൾ ശൊണിതകൎദ്ദമമപ്പൊ
ൾവരിഷിച്ചിതസ്ഥിശണെത്തൊട്ടും ക്രവ്യാദജാ
തികളൊട്ടുശിവകളു മവ്യാജതുഷ്ട്യാകരഞ്ഞു തുട
ങ്ങിനാർ ദുൎന്നിമിത്തങ്ങളു മാദരിച്ചീടാതെചെ
ന്നുഹിമാചലൊപാന്തെനിറഞ്ഞിതു ഭീഷണ
മായൊരസുരപ്പടയെല്ലാം രൊഷെണവന്നുനി
റഞ്ഞതു കണ്ടപ്പൊൾ ഒന്നുചെറുഞാണൊലി
ചെയ്യുതുനെര നന്നാഴ്ചിറച്ചിതു ലൊകത്രയാ
ന്തരം കാളീനിനാദവും ഘണ്ടാനിനാദവും വ്യാ
ളീനിനാദവും ശംഖനിനാദവും കെട്ടു ലൊകങ്ങ
ളുമൊക്കവിറക്കുന്നു പാട്ടുന്തുടങ്ങിനാൻ നാര
ദവിണയും യുദ്ധകൊലാഹലമിങ്ങിനെ കണ്ട
തിചിത്രംവിചിത്രമെന്നൊക്ക വാഴ്ത്തുംവിധൌ
ദെവകൾക്കഭ്യുദയത്തിനായിക്കൊണ്ടും ദെവാ
രികൾക്കു വിനാശത്തിനായ്ക്കൊണ്ടും ബ്രഹ്മ
നുംവിഷ്ണുവുമീശനുംശക്രനുംനിൎമ്മിച്ചിതു നര

സിംഹവരാഹവും താരകാരാതിയുമെഴു മാതൃക്ക
ളെ പൊരിലസുരകുലത്തെയൊട്ടുക്കുവാൻ ആ
യുധവാഹനഭൂഷണാദ്യങ്ങളു മായൊധനത്തി
ന്നണഞ്ഞാരെവരും അക്ഷസൂത്രേണ കമ
ണ്ഡലുസ്ഥജ്ജലം കൈക്കൊണ്ടുഹംസ സംയു
ക്തയാനൊപരി ബ്രഹ്മാവുതന്നുടെ ശക്തിയാ
യ്യാഴു മാബ്രഹ്മാണിവന്നെതിരിട്ടിതുപൊരിന്നാ
യി മാഹെശ്വരിയുംവൃഷഭമെറിക്കൊണ്ടു ബാ
ഹുക്കളിൽ ശൂലപാശാദികൈക്കൊണ്ടു ചന്ദ്ര
കലയുമണിഞ്ഞു യുദ്ധത്തിന്നു മന്ദെതരം വ
ന്നെതിരിട്ടതുനെരം കൌമാരിയുമ്മയിലെറി
വെലുംധരിച്ചാമൊദമൊടെതിരിട്ടിതു പൊരി
ന്നായി ചക്രശംഖഗദാശാൎങ്ഗപത്മങ്ങളും കൈ
ക്കൊണ്ടുവൈഷ്ണവിയുംവന്നെതിരിട്ടാൾ വാ
രാഹിയുന്നാരസിംഹിയുംവെഗെന ഘൊരനാ
ദത്തൊടുംവന്നെതിരിട്ടിതു ഇന്ദ്രാണിയുംവജ്ര
മൊങ്ങിഗജൊപരി വന്നെതിരിട്ടിതുയുദ്ധ രം
ഗാങ്കണെ ശംശാനനംകെവ ശക്തികൾത
മൊട്ടുമാശുദൈത്യന്മാരെക്കൊന്നൊട്ടുക്കീടിനാ

ൾ ചണ്ഡികാദെവിദെഹത്തിങ്കൽനിന്നുടനു
ണ്ടായിതുശിവയാകിയശക്തിയും ചൊല്ലിനാ
ളീശാനനൊടവൾവൈകാതെ ചെല്ലുകസുംഭ
നിസുംഭപാൎശ്വെഭവാൻ ചൊല്ലുക സുംഭനി
സുംഭന്മാരൊടിനി സ്വൎല്ലൊകമിന്ദ്ര നൊഴിച്ചു
കൊടുക്കണം യജ്ഞഹവിൎഭാഗവു മവൎക്കാക്ക
ണം നിങ്ങൾപാതാളലൊകത്തിനു പൊകണ
മിങ്ങുതുകൂടാതെവന്നെതൃത്തീടുകിൽ നിങ്ങളുടെ
പിശിതംകൊണ്ടുതൃപ്തിയും വന്നുകൂടുംമൽ ഗ
ണങ്ങൾക്കുനിൎണ്ണയം എന്നിവചെന്ന റിയി
ക്കലഘുതരം ദൂതനായ്ദെവിശിവനെ നിയൊ
ഗിച്ചു ഹെതുനാദെവിശിവദൂതിയായിതു ദെ
വിനിയൊഗങ്ങൾചെന്നുശിവൻതദാ ദെവാ
രികളൊടറിയിച്ചതുനെരം കൊപംമുഴുത്തസു
രന്മാരുമാൎത്തട്ടത്തളുംകുറയാതെപൊൎത്തുടങ്ങീ
ടിനാർ ശക്തിപരശുശസ്ത്രാസ്ത്രശൂലാദികൾ
ശക്തിയൊടെവരിഷിച്ചാരസുരരും ദെവിയും
ശസ്ത്രങ്ങളെച്ഛെദിച്ചവറ്റെയും ദെവാരികളെ
യൊട്ടുക്കിത്തുടങ്ങിനാൾ സുംഭാസുരെന്ദ്ര സെ

നാപതിവീരന്മാർ മുൻപിൽത്തൊന്നുമ്പിൽ ഞാ
നന്നുചൊല്ലിത്തലാ വൻപൊടടുത്തു പൊരു
ത്തുതുടങ്ങിനാർ വൻപടയൊട്ടുമതുകണ്ടു കാളി
യും കുംഭികുലത്തെയുമശ്വ ഗണത്തെയും
തെരാളികളെയു മൊക്കപ്പിടിച്ചുടൻ ഘൊര
നാദത്തൊടു വായിലടക്കിനാൾ ചൊരകുടി
ച്ചു കുടിച്ചുമദിച്ചുടൻ പൊരിലരികളുടെപി
ശിതങ്ങളാൽ പാരിടമെല്ലാമ്മറഞ്ഞുചമഞ്ഞിതു
ചൊരപ്പുഴകളൊലിക്കുന്നുപിന്നെയും ഖഡ്ഗഖ
ട്വാംഗശൂലെഷുപാതങ്ങളാൽ കാളിയുംദാനവ
ന്മാരെയൊട്ടുക്കിനാൾ ബ്രഹ്മാണിയുംമന്ത്രപൂ
തജലംകൊണ്ടു നിൎമ്മഥന ചെയ്യൊട്ടുക്കിതുട
ങ്ങിനാൾ മാഹെശ്വരിയുന്ത്രിശൂലെന കൊ
ന്നുകൊന്നാഹവെ ദാനവന്മാരെ യൊട്ടുക്കി
നാൾ ചക്രെണവൈഷ്ണവിയും ദനുജന്മാരെ
വിക്രമത്തൊടുകൊന്നൊക്ക യൊട്ടുക്കിനാൾ
കൌമാരിയുന്നിജശക്തിപാതംകൊണ്ടു ഭൂമൌ
തെരുതെരെക്കൊന്നുവീഴ്ത്തീടിനാൾ ഐന്ദ്രിയും
വജ്രെണകൊന്നാളസുരരെ ദണ്ഡപ്രഹാ

രെണവാരാഹിയുന്തഥാ ക്രൂരനഖരങ്ങളാൽനാ
രസിംഹിയും പൊരിലസുരകുലത്തെ യൊട്ടു
ക്കിനാൾ ചണ്ഡാട്ടഹാസങ്ങളാൽ ശിവദൂതി
യുഞ്ചണ്ഡാസുരന്മാരെ നിഗ്രഹിച്ചീടിനാൾ
മാതൃഗണങ്ങളെപ്പെടിച്ചുമണ്ടുന്ന ദൈത്തെയ
സെനയെ ക്കണ്ടനെരന്തഥാ ക്രൊധവിവശ
നാംരക്തബീജാസുരൻ ക്രൊധവതി സുതൻ
ദെവകുലാന്തകൻ സുംഭനിസുംഭന്മാർ ഭാഗി
നെയൻദ്രുതം വൻപടയൊട്ടു മട്ടുത്തൊനു
നെരം രക്തബീജന്റെ ശരീരത്തിൽ നി
ന്നൊരു രക്തവിന്ദുക്ഷിതിയിൽ പതിച്ചീട്ടുകി
ൽ രക്തബീജനുസമാനമായ്ത്തൽക്ഷണെ ത
ത്രകാണാമൊരസുരപ്രവരനെ പിന്നെയവ
ൻകൽനിന്നുംപുനരങ്ങിനെ പിന്നെയും പി
ന്നെയുമുണ്ടായ്വരുമെല്ലൊ ഇത്ഥംവരബലമുള്ള
മഹാസുരൻ രക്തബീജൻപൊരിനാൎത്തടുത്തി
ടിനാൻ ഇന്ദ്രാണിവജ്രംപ്രയൊഗിച്ചതെറ്റു
ടനിന്ദ്രാരിമെൽനിന്നു വീണരുധിരവും പൃ
ഥ്വിയിലല്ലൊ ഉവിടെനിന്നുണ്ടായി രക്ത

ബീജന്മാരസംഖ്യമൊരുപൊലെ മാതൃഗണമ
വരൊടുപൊർചെയ്യുമ്പൊൾ ഭൂതലെരക്തബീ
ജന്മാർനിറഞ്ഞുതെ ദീപ്തികലൎന്നൊരു രക്ത
ബീജന്മാരാൽ വ്യാപ്തമായ്വന്നു ജഗത്രയംതൽ
ക്ഷണെ ഭീതികലൎന്നൊരു ദെവകളെത്രയു മാ
ത്തരന്മാരായ്പരസ്പരംചൊല്ലിനാർ ഇങ്ങിനെ യു
ള്ളൊരസുരകുലാധിപ നെങ്ങുമുണ്ടായില്ല പ
ണ്ടൊരുകാലവും ൟവണ്ണമുണ്ടായ്വരികയു മി
ല്ലിനി പൂൎവ്വദെവന്മാരിതെന്തൊരു വിസ്മയം
ഏതുമുപായവുംകണ്ടില്ല കൊല്ലുവാന്മാതാവൊ
രുകഴിവുണ്ടാകമെന്നുമെ ഏവമൊരൊന്നെ
പറഞ്ഞുവിഷണ്ണരായ്ദെവകൾ നിൽക്കുന്ന
തുകണ്ടുദെവിയും വാത്സല്യമുൾക്കൊണ്ടുകാളി
യൊടന്നെരമൌത്സുക്യമൊടരുളിച്ചെയ്തി താദ
രാൽ നീയൊന്നുചെയ്ക ചാമുണ്ഡെ വിരവൊ
ടു വായുമ്പിളൎന്നുനിന്നീടുകഭൂതലെ ഞാൻപ്ര
യൊഗിക്കുന്നശസ്ത്രങ്ങളെറ്റുടൻ സാമ്പ്രതം
വീഴുന്നരക്തവിന്ദുക്കളെ കൂടെക്കുടിച്ചു കളക
നീയപ്പൊഴെ കൂടെയുണ്ടാകയില്ലെന്നാലസുര

ന്മാർ വീഴന്നവീഴന്നശൊണിത മൊക്കവെ
കാളികടിച്ചു കുടിച്ചുതുടങ്ങിനാൾ ചക്രശൂലാ
സിബാണാദിശസ്ത്രങ്ങളാൽ വിക്രമത്തൊടു
പ്രയൊഗിച്ചിതംബയും ശക്തനാം രക്തബീ
ജൻദെവിതന്നുടെ ശസ്ത്രങ്ങളെററുമരിച്ചു വീ
ണിടിനാൻ ദെവകളുംപ്രസാദിച്ചുവെദംകൊ
ണ്ടു ദെവിയെവാഴ്ത്തിസ്തുതിച്ചു നിന്നീടിനാർ
മാതൃഗണവുംപ്രസാദിച്ചുതൽക്ഷണെ മാതാ
വിനെച്ചെന്നുകൂപ്പിനിന്നീടിനാർ അദ്ധ്യായ
മെട്ടുകഴിഞ്ഞുസംക്ഷെപിച്ചു ഭക്തിയൊടെ കെ
ട്ടുകൊള്ളുവിനിനിയും ... ... ... ❀

## നവമൊദ്ധ്യയഃ

രക്തബീജാസുര നിഗ്രഹംകെട്ടൊരു ഭക്ത
നാംഭൂപതിവീരൻസുരഥനും എത്രയുഞ്ചിത്രമാ
യ്യാനമിദമ്മരക്തബീജന്റെ വധമതുംചെ
യ്യുതും ദെവിമാഹാത്മ്യ ചരിതമിന്നുംപുന രാ
വൊളവുംകെൾപ്പാനാഗ്രഹമുണ്ടുമെ രക്തബീ

ജന്മരിച്ചൊരുശെഷമത്ര ശക്തനാം സുംഭ
നെന്തൊന്നാശു ചെയ്യുന്നു ഇത്ഥമമരപതി
ചൊദിച്ചതിനെരമുത്തരമായരുൾചെയ്തു മു
നിശ്രെഷ്ഠം രക്തബീജമരിച്ചാനെന്നു കെട്ടതി
ക്രുദ്ധനായൊരു നിസുംഭനുംസുംഭനും യുദ്ധ
ത്തിനായുറപ്പെട്ടാർ പെരുമ്പടപ്പുലക്ഷത്തി
ലുമെററമുണ്ടന്നെരം ശംഖമൃദംഗ പടഹാദി
വാദ്യവും സംഖ്യയില്ലാതൊളമുള്ളദൈത്യന്മാ
രും സെനാപതിവരന്മാരും ചതുരംഗസെനയു
മായുന്നു പൊർതുടങ്ങീടിനാർ സുംഭനിസുംഭ
ന്മാരംബികാതന്നൊടു വൻപൊടുറ്റുസംവ
ത്സരംപൊർചെയ്യാർ സുംഭനിസുംഭന്മാ രെ
യ്തീടുമമ്പുക ളമ്പുകളാലെമുറിച്ചീടു മംബയും
ഭദ്രാഭഗവതിയൊടു നിസുംഭനും ഖഡ്ഗചർമ്മ
ങ്ങൾകൈക്കൊണ്ടടുത്തീടിനാൻ ദുഷ്ടൻ നി
സുംഭൻമൃഗാധിപമൂർദ്ധനി വെട്ടിനാനപ്പൊ:
ൾക്ഷുരപ്രെണദെവിയും വെട്ടിയഖഡ്ഗവും ച
ർമ്മവുംവെഗെന വെട്ടിമുറിച്ചാളുടനെ നിസും
ഭനും ശക്തിയെടുത്തുചാടിച്ചാനതിനെയും ച

ക്രന്നരണ്ടായുറിച്ചുവീഴ്ത്തിടിനാൾ പെട്ടെന്നു
ശൂലവുമായടുത്താനവൻ മുഷ്ടിപാതെനനുറു
ക്കിനാൾശൂലവുംക്ഷിപ്രം ഗദകൊണ്ടുതാഡി
ച്ചിതംഗദയുമപ്പൊൾത്രിശൂലെന ഭസ്മമാക്കി
ടിനാൾ കൊപാൽപരശു കൈക്കൊണ്ടടുത്താ
നവൻ ചാപബാണങ്ങളും കൈക്കൊണ്ടു ദെ
വിയും ശസ്ത്രജാലംവരിഷിച്ചാളതു കൊണ്ടു
സത്വരംഭൂമിയിൽ വീണുനിസുംഭനും തമ്പി
പതിച്ചതുകണ്ടൊരുസുംഭനും വൻപൊടു തെര
തിലെറിവന്നിടിനാൻ എട്ടുകരങ്ങളി ലായുധ
ജാലവും രുഷ്ടനായ്ക്കൊണ്ടടുക്കുന്നതു നെ
രം ശംഖമെടുത്തുവിളിച്ചിതുദെവിയും ശംകാ
രഹിതഞ്ചെറുഞാണൊലികളും ഘണ്ടാനിനാ
ദെനസിംഹനാദങ്ങളെക്കൊണ്ടുമുഴങ്ങുന്നു ദി
ക്കുകളൊക്കവെ ഭീതിയാംകാളി നിനാദങ്ങളും
ശിവദൂതിയുടെസിംഹനാദങ്ങളെക്കൊണ്ടു ദാ
നവസെനയും വീണുമരിക്കുന്നു മാനിയാം
സുംഭനുംകൊപംമുഴുക്കുന്നു ദുഷ്ടസുംഭാസുര
ൻതൽക്ഷണെസന്നിധൌ തിഷ്ഠതിഷ്ഠെതി

പറഞ്ഞുടുത്തീടുന്നു ദെവിയുമപ്പൊളമര സമൂ
ഹവുംദെവിയെവാഴ്ത്തിസ്തുതിച്ചു നിന്നീടുന്നു
ശക്തിയെടുത്തുചാട്ടീടിനാൻസുംഭനു മൂക്കൊടു
ദെവിയതിനെന്നീറാക്കിനാൾ സുംഭനുടെസിം
ഹനാദെന ലൊകങ്ങൾ കമ്പമാണ്ടുന്നു ഭയപ്പെ
ട്ടിതെവരും സുംഭൻപ്രയൊഗിച്ചു ബാണങ്ങ
ളെദെവി വൻപൊടുഭ്രമെണ മുറിച്ചു വീഴ്ത്തീടി
നാൾ സുംഭനുംദെവീവിമുക്തശരങ്ങളെ വ
ൻപൊടുഭ്രമെണ മുറിച്ചുവീഴ്ത്തീടിനാൻ ചണ്ഡി
കാശ്രൂലംപ്രയൊഗീച്ചതെറ്റു ഭ്രമണ്ഡലെമൊ
ഹിച്ചുവീണിതുസുംഭനും അപ്പൊൾ നിസുംഭ
നമ്മൊഹമകന്നുടനുല്പന്നരൊഷെണ ചാപ
ബാണങ്ങളും കൈക്കൊണ്ടെടുത്തുശരങ്ങൾ തൂ
കീടിനാൻ ദിക്കുകളൊക്കനിറഞ്ഞു ശരങ്ങളാ
ൽ ദെവിതന്നെയുംതഥാകാളിതന്നെയു മെവംമൃ
ഗാധിപനെയുമൊരുപൊലെ പിന്നെപ്പതിനാ
യിരംകരംനിൎമ്മിച്ചു നിന്നീടിനാൻ ചക്രജാലം
ധരിച്ചവൻ ചക്രംപതിനായിരവുംപ്രയൊഗി
ച്ചുതൽക്ഷണംമൂടിനാൻ ദെവിയെത്തന്നെ

യും ചക്രങ്ങളെദ്ദെവിബാണങ്ങളാലുടനൊക്ക
നുറുക്കി യിട്ടീടിനാൾ ഭൂതലെ ഭ്രയൊഗദയു
മെടുത്താനവന്മായാഭഗവതിതാനു മതുനെരം
തൽഗദതന്നെയുംവെട്ടിമുറിച്ചിതു ഖഡ്ഗനദെ
വി നിംസുംഭനന്നൽക്ഷണെ ശൂലവുംകൈ
ക്കൊണ്ടെടുത്താനതുകണ്ടു ശൂലെനവക്ഷസിക്കു
ത്തിനാളംബയും ഭിന്നമായൊരുഹൃദയൊദരാ
ന്തരെ നിന്നുജനിച്ചാനൊരുപുരുഷൻതദാനി
ല്ലനില്ലെന്നു പറഞ്ഞെടുത്താനവൻ കല്യാണ
ശീലയാന്ദെവിയുമന്നെരം ഖഡ്ഗനവെട്ടിയ
റുത്താളവൻതല ഭൂഗ്രഹന്നുപതിച്ചിതു ഭൂത
ലെ വാഹനമാകിയസിംഹമതുനെരം വാഹി
നിതന്നെയുംകൊന്നൊടുക്കീടിനാൾ വൻപട
കാളിയും തിന്നൊടുക്കീടിനാൾ സംപൂൎണ്ണ ശ
ക്ത്യാശിവദൂതിയുന്തഥാ ബ്രഹ്മാണിയുമന്ത്ര
പൂതജലംകൊണ്ടു ദൎമ്മതിമത്തുക്കബലത്തെയൊ
ടുക്കിനാൾ കൌമാരിയുന്നിജശക്തിപാതംകൊ
ണ്ടു ഭ്രമൈൗതെരുതെരെക്കൊന്നു വീഴ്ത്തീടിനാൾ
മാഹെശ്വരിയുംത്രിശൂലെനദാനവ വാഹിനി

പാളിയെക്കൊന്നൊട്ടക്കീടിനാൾ വാരാഹിയും തുണ്ഡാഘാതെനദൈത്യരെ പാരിൽതെരുതെരെ കൊന്നുവീഴ്ത്തീടിനാൾ തൽക്ഷണെവൈഷ്ണവിദെവിയുംദുഷ്ടരെ ചക്രെണഖണ്ഡിച്ചു ഖണ്ഡിച്ചൊട്ടക്കിനാൾ ഘൊരനാരസിംഹിയും നഖരങ്ങളാൽ ഘൊരാസുരന്മാരെക്കൊന്നൊട്ടക്കീടിനാൾ ഇന്ദ്രാണിയുന്നിജ വജ്രത്തെകൊന്നുകൊന്നിന്ദ്രാരികളെയൊട്ടക്കിനാളൊക്കവെ കാളിയുംവാഹനകെസരിവീരനും കെളികലന്നശിവദൂതിതാനുമായി ദാനവസൈന്യമൊട്ടക്കിനാർമിക്കതു മാനന്ദമൊട്ടകെട്ടീടുവി നിന്നിയും ഒൻപതാദ്ധ്യായമിവിടെ കഴിഞ്ഞിതു സംപ്രീതിയൊടുചൊല്ലാമിനിശ്ശെഷവും ... ❀

## ദശമൊദ്ധ്യായഃ

തമ്പിനിസുംഭന്മരിച്ചതുംതന്നുടെ വൻപടയൊക്കമുടിഞ്ഞതും കണ്ടപ്പൊൾ സുംഭനുംകൊപിച്ചുചൊല്ലിനാനെന്തൊരു വൻപുനിനക്കി

തുകൊണ്ടുലഭിച്ചതും മററുകണ്ടൊരുടെശക്തി
കൊണ്ടല്ലയൊ മുററുമെന്നൊടുഗൎവ്വിക്കുന്നതി
ങ്ങിനെ എന്നതുകെട്ടരുൾചെയ്യിതുദെവിയുമെ
ന്നുടെശക്തിനീയെന്തറിഞ്ഞുഖല ഞാനൊഴി
ഞ്ഞാരുള്ളതിത്രിലൊകത്തിങ്ക ലൃന്നമൊഴിഞ്ഞി
ല്ലരണ്ടാമതാരുമെ എങ്കിലൊകണ്ടുകൊണ്ടാലുമി
പ്പൊൾഭവാ നെങ്കൽപ്രവെശിക്കു മെൻറ
വിഭൂതികൾ ബ്രഹ്മാണിയാദിയാന്ദെവിമാര
ന്നെര മംബതൻവക്ഷൊജമദ്ധ്യലയിച്ചിതു
കെവലയാകിയദെവിയുമന്നെര ന്ദെവകുലാ
രിതന്നൊടരുളിച്ചെയ്തു ഇപ്പൊളൊരുത്തിഞാ
നെയുള്ളുനൊക്കുനീ കെല്പൊടുപൊരിന്നുനില്ലു
നില്ലാകിലൊ എന്നരുൾചെയ്യൊരുദെവിയൊ
ടന്നെര നന്നായണഞ്ഞുപൊർചെയ്യിതുസും
ഭനും ദെവാസുരാദികൾകാണവെതങ്ങളി ലാ
വൊളവുംബാണവൎഷന്തുടങ്ങിനാർ സുംഭൻ
പ്രയൊഗിച്ചബാണങ്ങളൊക്കയു മംബികാ
ബാണങ്ങൾകൊണ്ടുമുറിക്കയും അംബികാത
ൻപ്രയൊഗിക്കുന്നബാണങ്ങൾ സുംഭനുമവ്വ

ണ്ണമെമുറിച്ചീടിനാൻ ദാരുണമാസ്സർവ്വലൊക
ഭയങ്കരം ഘൊരമായ്നിന്നുപൊരുതാർപരസ്പരം
ദിവ്യാസ്ത്രസഞ്ചയമന്യൊന്യമൊൎത്തൊൎത്തു ദി
വ്യാസ്ത്രസഞ്ചയംകൊണ്ടെതടുക്കയും ആയൊധ
നത്തിലൊപ്പമായ്യുദ്ധചെ യ്തായിരംദിവ്യ
സംവത്സരഞ്ചെന്നിതു ദിവ്യവിമാനങ്ങൾതൊ
റുമമരുവിന ദിവ്യമുനികളുന്ദെവകളു മെല്ലാം
തങ്ങളിൽതങ്ങളിലിത്ഥംപറയുന്നു സംഗരമി
ങ്ങിനെപണ്ടുകണ്ടിട്ടില്ലാ മെലിലീവണ്ണമുണ്ടാ
കയുമില്ലിനി പൂർവ്വദെവന്മാരിതെന്തൊരു വി
സ്മയം എവമന്യൊന്യംപറഞ്ഞു നിൽക്കുന്നെര
ന്ദെവിയെബാണങ്ങൾ കൊണ്ടുമൂടീടിനാൻ
ചാപംമുറിച്ചുശരങ്ങളാൽദെവിയും താപെന
ശക്തിയെടുത്താനസുരനും ചക്രെണശക്തി
യെച്ഛെദിച്ചിതംബയും ഖഡ്ഗവുംചർമ്മവുംകൈ
ക്കൊണ്ടതുനെരം ചണ്ഡികയൊടടുത്താനതു മ
മ്പിനാൽ ഖണ്ഡിച്ചിതുദെവി ഖഡ്ഗചർമ്മങ്ങളും
തെരുമശ്വങ്ങളും സൂതനുംചാപവും വെറായ
നെരത്തുകൊപിച്ചുസുംഭനും മുല്ഗരംകൈക്കൊ

ന്നെട്ടത്താനന്തരമംബാ തൽക്ഷണെ ഛെദിച്ചിതാ
ശ്ശുശരങ്ങളാൽ ദൈത്യാധിപൻ നിജമുഷ്ടികൊ
ണ്ടന്നെരം കാത്ത്യായിനീഹൃദയത്തിൽ പ്രയൊ
ഗിച്ചാൻ സുംഭനെ ദെവി ശൂലെന വക്ഷസ്ഥ
ലെ വൻപൊട്ടു താഡിച്ചതെററവനും വീണൊ
ൻ ക്ഷിപ്രമുത്ഥായ ദൈത്യെന്ദ്രനും ദെവിയെ
കെല്പൊടെടുത്തുയൎന്നീടിനാനംബരെ സുംഭനും
ദെവിയുമന്തരിക്ഷെ നിന്നു വൻപൊട്ടു ചെ
യ്തിതു യുദ്ധം ചിരകാലം ആകുലമെന്നിയെ
സുംഭനെ കൈക്കൊണ്ടു കൊപാൽ ചുഴററിയെ
റിഞ്ഞാൾ ധരാതലെ പെട്ടെന്നെഴുനീററു കൊ
പിച്ചു സുംഭനും മുഷ്ടിയുമൊങ്ങിയടുത്താ നന്തു
നെരം സത്വരം ശൂലെന വക്ഷസി ഭെദിച്ചു പൃ
ത്ഥ്വിയിലാശു പതിപ്പിച്ചിതംബയും അബ്ധിപ
ൎവ്വതികളൊട്ടും ചലിച്ചിതു പൃത്ഥ്വിയിൽ സും
ഭൻ പതിച്ചതു കാരണം ജീവനും വെടിഞ്ഞിട്ടു സും
ഭൻ പതിക്കയാൽ ദെവകളും പ്രസാദിച്ചു മുനി
കളും ദിക്കുകളൊക്ക പ്രസന്നമായ്വന്നിതു പുഷ്ക
രമാൎഗ്ഗെ തെളിഞ്ഞിതാദിത്യനും പാടിത്തുടങ്ങി

നാർഗന്ധൎവ്വസംഘവും ആടിത്തുടങ്ങിനാരപ്സ
രസ്ത്രീകളും ലൊകത്രയത്തിങ്കലുള്ളവ രൊക്ക
വെ ശൊകമകന്നതെളിഞ്ഞുവിളങ്ങിനാർ പ
ത്തുകഴിഞ്ഞിതദ്ധ്യായവുമിങ്ങിനെ ഭക്തിയൊ
ടെകെട്ടുകൊള്ളുവിനിന്നിയും... ... ... ❀

## ഏകാദശൊദ്ധ്യായഃ

ദെവിയാൽസുംഭൻമൃതനായതുകണ്ടു ദെവ
കളുംമുനിമാരുംപ്രസാദിച്ചു ദെവിയെ വാഴ്ത്തി
സ്തുതിച്ചു പ്രകാരങ്ങളാവതെല്ലതു മിനിക്ക
ചൊല്ലീടുവാൻ എന്നാലുമംബതന്മാഹാത്മ്യ
മൊൎത്തൊൎത്തു വന്ദിച്ചുവാഴ്ത്തുവാനാശ മുഴക്ക
ന്നു ദെവിപ്രസീദ പ്രപന്നാൎത്തി നാശനെ
ദെവിപ്രസീദലൊകത്രയമാതാവെ ദെവിച
രാചരങ്ങൾക്കെല്ലാമീശ്വരി ദെവിചരണസ
രൊജം നമൊസ്തുതെ സൎവ്വലൊകാധാര ഭൂത
യായ്മെവീടു മൂൎത്തിയാകുന്നതുമീശ്വരി നീയെ
ല്ലൊ സന്തതംദസ്സ്വരൂപിണിയായ്നിന്നു ജ

ന്തുകൾക്കുജ്ജീവനമായതുന്നീയെല്ലൊ നിത്യമന
ന്തവീൎയ്യെഭുവനത്തിനു വിത്തായവിഷ്ണു മാ
യാദെവിനീയെല്ലൊ സൎവ്വജനങ്ങളെ മൊഹി
പ്പിക്കുന്നതും കൈവല്യമെകുന്നതും ദെവിനീ
യെല്ലൊ വിദ്വജ്ജനഹൃദിവിജ്ഞാനമെകുന്ന
വിദ്യാസ്വരൂപിണിയായതുംനീയെല്ലൊ സ
ൎവ്വപുരുഷസ്വരൂപിണിയായതും സൎവ്വവനി
താസ്വരൂപിണിയായതും സൎവ്വലൊക വ്യാ
പ്തയായതുന്നീയെല്ലൊ നിത്യംസമസ്ത ജനഹൃ
ദയത്തിലും ബുദ്ധിരൂപെണവാഴുന്നതും നീയ
ല്ലൊ സ്വൎഗ്ഗാപവൎഗ്ഗങ്ങളെക്കൊടുത്തീടുന്ന ദ
ൎഗ്ഗെഭഗവതി നിത്യംനമൊസ്തുതെ ദാക്ഷായ
ണികലാകാഷ്ഠാദിരൂപെണസാക്ഷിയായിബ്ര
ഹ്മപ്രളയാന്തമായുള്ള കാലസ്വരൂപിണി യാ
യ്വിളങ്ങീടുന്ന മൂലപ്രകൃതിയാകുന്നതും നീയെ
ല്ലൊ സൎവ്വെശ്വരിസൎവ്വമംഗലെമംഗല്യെ സ
ൎവ്വാൎത്ഥികെശിവെസൎവ്വാൎത്ഥ സാധകെ ഗൌ
രിശരണ്യെത്ര്യംബികെദെവി നാരായ
ണിമഹാമായെനമൊസ്തുതെ സൃഷ്ടിസ്ഥിതി

വിനാശങ്ങൾക്കുകെവലം കത്തൃഭൂതെ സക
ലെശെസനാതനെ ഗൌരിഗുണാശ്രയെ ദെ
വി ഗുണമയെ നാരായണിമഹാമായെനമൊ
സ്തുതെ ഭക്ത്യാശരണാഗതപരിപാലനശീലെ
സമസ്താൎത്തിഹാരിണിമംഗലെ കാരുണ്യവാ
രാന്നിധെകമലാലയെ നാരായണി മഹാമാ
യെനമൊസ്തുതെ ഹംസസംയുക്ത വിമാന
സ്ഥിതെപരെ ചാരുകമണ്ഡലുധാരിണി ശാ
ശ്വതെ ബ്രഹ്മാണീരൂപധരെവരദായിനിനാ
രായണിമഹാമായെനമൊസ്തുതെ ശാത്രിശൂ
ല ചന്ദ്രാഹിധരെപരെ ശ്വെതവൃഷഭസ്ഥിതെ
രുദ്രവിഗ്രഹെ മാഹെശ്വരീസ്വരൂപെണവാ
ണീടുന്ന നാരായണിമഹാമായെ നമൊസ്തുതെ
ശക്തിഹസ്തെമയൂരസ്ഥിതെകൌമാരി നാരാ
യണിമഹാമായെനമൊസ്തുതെ ശംഖാദി ശാ
ൎങ്ഗദാപരമായുധെ വൈഷ്ണവീരൂപധരെ വ
രദായിനി വൈനതെയസ്ഥിതെ ശ്യാമളവി
ഗ്രഹെ നാരായണിമഹാമായെ നമൊസ്തുതെ
ദംഷ്ട്രാദ്ധൃതസ്ഥിരെ വാരാഹരൂപിണി നാരാ

യണി മഹാമായെ നമൊസ്തുതെ ഘൊരനരസിം
ഹരൂപെ നഖായുധെ നാരായണി മഹാമായെ
നമൊസ്തുതെ ഐന്ദ്രികിരീടിനീവജ്രായുധ ധ
രെ നാരായണി മഹാമായെ നമൊസ്തുതെ മു
ണ്ഡമാലാധരെ ചണ്ഡമുണ്ഡാട്ടിനി നാരായ
ണി മഹാമായെ നമൊസ്തുതെ ഘൊരരൂപെ മ
ഹാരാവെ ശിവദൂതി നാരായണി മഹാമായെ
നമൊസ്തുതെ ലക്ഷ്മി ലജ്ജെ മഹാവിദ്യെ സ്വ
ധെ ധ്രുവെ ശ്രദ്ധെ മഹാരാത്രി പുഷ്ടി സര
സ്വതി മെധെ ശിവെ ഭൂതിദായിനി താമസി
നാരായണി മഹാമായെ നമൊസ്തുതെ സൎവ്വരൂ
പാണി പാദാക്ഷി ശിരൊമുഖെ സൎവ്വതൊ ഘ്രാ
ണശ്രവണെ സ്വരൂപിണി സൎവ്വരൂപെ സൎവ്വ
ശക്തിസമന്വിതെ നാരായണി മഹാമായെ ന
മൊസ്തുതെ സൌമ്യമുഖന്തവ നെത്രത്രയാ
ഞ്ചിതം സൎവ്വഭയങ്ങളും തീൎത്തു രക്ഷിക്കമാം കാ
ൽത്താരിണെ തവ കമ്പിട്ടു കൂപ്പുന്നെൻ കാത്യാ
യിനി ദെവി നിത്യന്നമൊസ്തുതെ ജ്വാലാകരാ
ളമത്യുഗ്രത്രിശൂലവും ഘൊരാസുരകുല സൂദ

നംസൎവ്വദാ ഭീതികളെന്നു രക്ഷിക്കെണമംബി
കെ ശ്രീഭദ്രകാളീസതതന്നമൊസ്തുതെ ഉണ്ടാ
യപാപങ്ങൾനീക്കിനിരന്തരം ഘണ്ടാഭയംതി
ത്തുരക്ഷിക്കവെണമെ ഖഡ്ഗമ്മഹാസുര രക്താ
പങ്കൊജ്ജ്വലദ്ദുഃഖംകളഞ്ഞുമാം രക്ഷിക്കവെണ
മെ നഷ്ടമാംദെവിപ്രസാദെനരൊഗങ്ങളിഷ്ട
കാമങ്ങളെ സിദ്ധിക്കയുംചെയ്യും ആശ്രിതന്മാ
ൎക്കകന്നിട്ടമാപത്തുകളാശ്രയമംബയൊഴിഞ്ഞി
ല്ലൊരിക്കലും നാനാവിധങ്ങളായുള്ള രൂപങ്ങ
ളാൽ ദാനവന്മാരെയൊടുക്കിലൊകത്രയെ ധ
ൎമ്മത്തെരക്ഷിച്ചുകൊള്ളുവാനാരുമററംബയൊ
ഴിഞ്ഞുകാരുണ്യമൊടിങ്ങിനെ മൊഹാന്ധകാ
രെമമതാഗൎത്തെവീണു മൊഹിപ്പിക്കുന്നതുമ
ററാരുമല്ലല്ലൊ രാക്ഷസനാഗാരിദസ്യുദാവാ
നലാൽ പുഷ്കരത്തിങ്കൽനിന്നാശു രക്ഷിപ്പ
തും വിശെഷശരിദെവിവിശ്വരക്ഷാകരെവി
ശ്വാത്മികെനിന്തിരുവടിതാനെല്ലൊ ശത്രുഭയ
ന്തീത്തുരക്ഷിച്ചുകൊള്ളുക ഭദ്രെഭഗവതിഞങ്ങ
ളെസന്തതം സൎവ്വലൊകക്കുംവരുന്നൊരാ ക്കൊട്ട

ന്നുന്നീ സവ്വദാരക്ഷിച്ചുകൊൾക ജഗത്രയം"
ദെവകളിങ്ങിനെ ചൊല്ലിസ്തുതിച്ചപ്പൊൾ
ദെവകളൊടരുളിച്ചെയ്തുദെവിയും "എന്തൊന്ന
ഭീഷ്ടമെന്നാലതുനൽകുവൻ ചിന്തിതംചൊ
ല്ലുകലൊകൊപകാരകം" എങ്കിലൊത്തൊങ്ങൾക്കി
നിയുമെവംബലാൽ സങ്കടമുണ്ടാകിലാശ്രുതി
ക്കെണമെ "എന്നതുകെട്ടരുൾചെയ്തിതു ദെവി
യും ഇന്നിവൈവസ്വതമായമന്വന്തരെ ഉ
ണ്ടാമിരുപത്തെട്ടാംയുഗത്തിങ്കലും കണ്ടകന്മാ
രായസുംഭനിസുംഭന്മാർഅന്നുഞാൻനന്ദഗൊ
പാലയെജാതയാ യ്യുന്നിട്ടുമെല്ലായശൊദാ ത
നൂജയായി ഹന്തവ്യന്മാരാമവരുമെന്നാലന്നു
വിന്ധ്യാചലെവസിച്ചിട്ടവൻ പിന്നെഞാൻ
എത്രയുംരൌദ്രമായുള്ള രൂപംപൂണ്ടു പൃത്ഥ്വീതല
ത്തിങ്കൽവന്നുടൻജാതയാം വൈപ്രചിത്താ
ന്മാരാന്ദാനവന്മാരെയും താല്പൎയ്യമുൾക്കൊണ്ടുഭ
ക്ഷിച്ചൊടുക്കുവൻ രക്തങ്ങളായ്വരുമന്നുദന്ത
ങ്ങൾമെ ഭക്തന്മാരുംരക്തദന്തികയെന്നെല്ലാം
ചൊല്ലിസ്തുതിച്ചുസെവിച്ചിട്ടവൊരെന്നെ അ

ല്ലച്ചുണ്ടായ്വരും പിന്നെയുംഭൂതലെ നൂറുസംവ
ത്സരംപൊയ്ക്കയില്ലമഴ വാരിയുമില്ലാഞ്ഞുസങ്ക
ടമായ്വരും താപസന്മാരുമെന്നെസ്മരിച്ചീടുവൊ
ർ താപംകളവാനയൊനിജയായുദാ നെത്രശ
തങ്കൊണ്ടുനൊക്കിമുനികളെ തീൎത്തിടുവൻപരി
താപമശെഷവും കീൎത്തിക്കുമെന്നെശ്ശതാക്ഷി
യെന്നുംചൊല്ലി ന്നൃാത്രെണെതാപസന്മാരുമ
ന്നദിനം ശൊകമൊഴിപ്പതി നാത്മദെഹൊദ്ഭ
വ ശാകങ്ങളെക്കൊണ്ടുജീവനംരക്ഷിച്ചു ലൊ
കംഭരിച്ചുകൊണ്ടീടുവനാകയാൽ ശാകംഭരീതി
മെന്നാമമുണ്ടായ്വരും ദുൎഗ്ഗമനാകുമസുരനെക്കൊ
ൽകയാൽ ദുൎഗ്ഗെതിനാമവുമുണ്ടായ്വരുമെല്ലൊ
പിന്നെയുംഭീമമായൊരുരൂപംപൂണ്ടു വന്നുഹി
മാചലെ ജാതയായന്നുഞാൻ രക്ഷൊഗണ
ത്തെയുംഭക്ഷിച്ചുതാപസ രക്ഷയുംചെയ്തുകൊ
ണ്ടീടുവനന്നവർഭക്തിയൊടെഭീമാദെവിയെ
ന്നുംചൊല്ലി ചിത്തതെളിഞ്ഞുനിത്യംപുകഴ്ത്തീ
ടുവൊർ പിന്നെയുമുണ്ടാമരുണന്മഹാസുര ന
നവനെക്കൊൽവതിന്നുഞാനന്നദാ ഭ്രാമരമാ

യൊരുരൂപംധരിച്ചിട്ടു പൊർമദമുള്ളൊരസു
രനെക്കൊല്ലുവൻ ഭ്രാമരീദെവിയെന്നുള്ളനാ
മഞ്ചൊല്ലി കാമലാഭെനനന്നായി സ്തുതിച്ചീടു
വൊർ എന്നുലൊകെഭവിക്കുന്നിതാപത്തുക ളു
ന്നുഞാനുംഭവിച്ചീടുവൻഭൂതലെ ദുഷ്ടരെനി
ഗ്രഹിച്ചമ്പൊടുഭൂതലെശിഷ്ടരെരക്ഷിച്ചുകൊ
ള്ളുവനെന്നുമെ അദ്ധ്യായവുംപതിനൊന്നുക
ഴിഞ്ഞിതു ബുദ്ധിതെളിഞ്ഞുകെൾപ്പിൻ പറ
ഞ്ഞീടുവൻ ... ... ... *

## ദ്വാദശൊദ്ധ്യായഃ

ദെവികനിഞ്ഞരുളിച്ചെയ്തുപിന്നെയു മെവ
മെന്നെസ്തുതിച്ചീടുന്നവനുഞാൻ സർവ്വനാശ
ങ്ങളുന്തീർത്തുടൻപാലിച്ചു ദിവ്യഭൊഗങ്ങളെ
ല്ലാംകൊടുത്തീടുവൻ ഭക്ത്യാമധുകൈടഭന്മാരു
ടെവധം ദൈത്യാധിപനാംമഹിഷാസുരവധം
സുംഭനിസുംഭാസുരന്മാരുടെവധ മമ്പൊടുകീ
ർത്തിപ്പവർക്കുവിശെഷിച്ചുംഅഷ്ടമിനാളുന്നവ

മിനാളുന്നഥാ പുഷ്ടഭക്ത്യാമാം ചതുൎദ്ദശിനാളു
മെ ന്മാഹാത്മ്യമുച്ചരിക്കുന്നജനങ്ങൾക്കു മൊ
ഹവുംദുഷ്കൃതവുംകളഞ്ഞിട്ടവൻ ദുഷ്കൃതൊൽഭൂത
ങ്ങളാകുമാപത്തുക ളൊക്കെക്കളഞ്ഞു രക്ഷിച്ചീടു
വനെല്ലൊ ദാരിദ്ര്യവുംപുനരിഷ്ട വിയൊഗവും
വൈരിഭയന്തസ്കരപീഡാനൃപഭയം ശസ്ത്രാന
ലതൊയഭീതിയുംനീക്കുവൻ നിത്യംപഠിതവ്യ
മസ്മൽചരിത്രങ്ങൾ കെൾക്കുമവൎക്കുമകലുമാ
പത്തുകൾ പൊക്കുമഹാമാരിയാലുമുണ്ടാകുന്ന
വെല്ലാരങ്ങളാമുപസൎഗ്ഗങ്ങളുംനൃണാംതീരുമാധി
ത്രയൊൽഭൂതഭയങ്ങളുംപൂൎണ്ണഭക്ത്യാമൽഗ്രഹെ
പഠിച്ചീടുകിൽ സാന്നിദ്ധ്യവുമത്ര സുന്ദരി
രമാസ്സത്തുംപൂജാബലിപ്രദാനെമഹിയൊത്സവെ
ഭൊജനെബ്ഭൂസുരാണാമ്മൽചരിത്രങ്ങൾ ചൊ
ല്ലുകിലുമ്മുദാകെട്ടുകൊണ്ടീടിലു മെല്ലാംവഴിയെ
പരിഗ്രഹിച്ചീടുവൻ ഉല്പത്തിഭെദവുമ്മാഹാ
ത്മ്യവുമ്മമശില്പമാത്രെയാൽകയുംകെൾക്കയുംചെ
യ്യുന്നസല്പുരുഷന്മാൎക്കമഭ്യുദയംവരുമല്പകാലെ
നലഭിക്കുമഭീഷ്ടവും ദുസ്വപ്നദൎശനംസുസ്വ

ണ്ണമായുള്ളതും സത്സഭായാം ബഹു പൂജ്യനായും
വരുംബാലഗ്രഹപീഡതിന്റെതെളിഞ്ഞിടുംബാ
ലകന്മാരുമമപ്രസാദത്തിനാൽ മൎത്യജനങ്ങ
ൾക്കുസംഘാതഭെദെഷു മൈത്രികരണമായു
ന്നുകൂടുംദ്വന്ദം ഭൂതപിശാച രക്ഷൊജാതികൾ
ക്കെല്ലാം ഭീതികരംചരിതശ്രവണംപരംയുദ്ധ
മദീയംപരാക്രമംകെൾക്കിലൊ ശത്രുകൃതഭയ
മുണ്ടാകയില്ലെല്ലൊ കാട്ടിലകപ്പെട്ടുഴന്നു ചമ
കിലും കാട്ടുതീചുററുംചുഴന്നുവരികിലും കാട്ടാ
നപാഞ്ഞടുക്കുന്നിതാകിലും കൊട്ടയിലാക്കി
ബന്ധിച്ചു കിടക്കിലും രാജാവുകൊല്ലുവാനാ
ജ്ഞയൊഗിക്കിലുമാജിയിൽശത്രുക്കൾ ചുററും
വളകിലുംപാതെന്നചൂഴ്ന്നിതനാ ജ്ജലത്തിടിലും
പൊതെ മഹാൎണ്ണവെ ഭീതനായിടിലും ശത്രു
പ്രയുക്തമാംശസ്ത്രമെററിടിലും നിത്യവും വ്യാ
ധിയാൽ പീഡിതനാകിലും സൎപ്പസിംഹ
വ്യാഘ്ര ദസ്യുശത്രുക്കളുമ്മൽപ്രസാദാലകലെ
പ്പായൊളിച്ചീടും എന്നുവെണ്ടാ സൎവ്വസങ്ക
ടത്തിങ്കലും നന്നായ്പരിപാലനഞ്ചെയ്തു കൊള്ളു

വൻ ദെവവൃന്ദത്തൊടീവണ്ണം മരുൾചെയ്തു ദെവകൾകണ്ടിരിക്കെ മറഞ്ഞിടിനാൾ വൃന്ദാരകന്മാർ തെളിഞ്ഞുനിജനിജ മന്ദിരംപുക്കു സുഖിച്ചു മരുവിനാർ സുംഭനിസുംഭാ സുരന്മാരെവിഗ്രഹെ വൻപൊടുദെവി വധിച്ചൊരനന്തരം ശെഷിച്ചസുരകൾ ദെവിയെപെടിച്ചു ശെഷലൊകംപ്രവെശിച്ചി രുന്നിടിനാർ എവമ്മഹാവിഷ്ണു മായാഭഗവതി ദെവിജഗല്പരിപാലനം ചെയ്യുന്നുംവിശ്വമെല്ലാം പ്രസവിക്കുന്നുമവൾവിശ്വത്തെ മൊഹിപ്പിച്ചീടുന്നതുമവൾ വിശ്വമാതാവായദെവിയി സന്തതം വിശ്വമെല്ലാന്നിറയപ്പെട്ടിരിപ്പതും അങ്ങിനെയുള്ളൊരുദെവിയെസെവിക്കിൽ മംഗലന്നൽകീടു മെവനുനിണ്ണയം ദ്വാദശൊ ദ്ധ്യായ മിവിടെക്കഴിഞ്ഞിതു മൊദെന കെട്ടുകൊണ്ടാലുംനൃപൊത്തമാ....... ... ... ... ... ❀

## ത്രയൊദശൊദ്ധ്യായഃ

നിന്നയുംവൈശ്യ കുലൊത്തമൻ തന്നെയു

ധന്ന്യവിവെകമില്ലാത്ത ജനത്തെയും മൊഹി
പ്പിക്കുന്നതും വിഷ്ണുമായാദെവി മൊഹത്തെനീ
ക്കുന്നതും പരമെശ്വരീ സെവിപ്പവൎക്കുഭൊഗ
സ്വൎഗ്ഗമൊക്ഷങ്ങൾ ദെവിയത്രെകൊടുക്കുന്ന
തുനിൎണ്ണയം ഇത്ഥംമുനിവചനം കെട്ടുഭൂപനും
ഭക്ത്യാമുനിയെ നമസ്കരിച്ചീടിനാൻ വൈശ്യ
നന്താപസ ശ്രെഷ്ഠനെ ക്കൂപ്പിനാൻ ആശ്ച
ൎയ്യമുൾക്കൊണ്ടി രുവരുമായുടൻ പൊയാൎത്തപ
സ്സിനുസഹ്യാ ചലാന്തികെ മായാഭഗവതിയെ
ക്കണ്ടുകൊള്ളുവാൻ പുണ്ണ്യനദീപുളിനെ ചെ
ന്നിരുന്നവർ നന്നാത്തപസ്സു ചെയ്തീടിനാർ
സന്തതം മൃത്തുകൊണ്ടംബികാദെവിയെനിൎമ്മി
ച്ചു നിത്യവുംപൂജിച്ചുഭക്ത്യാനിരന്തരം ആഹാര
വും വെടിഞ്ഞുക ബുദ്ധ്യാനിജ ദെഹൊത്ഥര
ക്തെന കൃതാനിവെദ്യവും എവമാരാധിച്ചുമൂ
ന്നുസംവത്സര ന്ദെവിയെച്ചിന്തി ച്ചിരുന്നൊ
രനന്തരം പ്രത്യക്ഷയായരുൾ ചെയ്തിതവരൊ
ടു ചിത്തഹിതംചൊൽവി നാശുനൽകീടുവൻ
എന്നതുകെട്ടു പെക്ഷിച്ചുസുരഥനു മെന്നുടെരാ

ജ്യ മിനിക്കു ലഭിക്കെണം അന്ന്യജന്മത്തിങ്കല്ക്കു
ന്നാശമെന്നിയെ വന്നു കൂടെണമിനക്കുരാജ്യം
ധ്രുവം ഉത്തമനാകിയ വൈശ്യനുന്ദെവിയെ
ഭക്ത്യാവണങ്ങിവരംവരിച്ചീടിനാൻ ഞാനെ
ന്നുമൻപൊടിനിക്കെന്നുമുള്ളൊരു മാനമെന്മൊ
ന്നെസയുണ്ടാകരുതെല്ലാജ്ഞാനമവ്വണ്ണമനുഗ്ര
ഹിച്ചീടെണെന്നാധെദയാനിധെ'ലൊകൈകമാ
താവെ ഇത്ഥമപെക്ഷിച്ചനെരത്തുദെവിയുംസ
ത്വരം ഭൂപാലനൊ ടരുളിച്ചെയ്തു ശത്രുക്കളെ
യുംഹനിച്ചുരാജ്യന്തവ സിദ്ധിക്കുരാജ്യ മക
ണ്ടകമാംവണ്ണം പിന്നെമരിച്ചു വിവസ്വാനു
പുത്രനായി തന്നെപിറക്കസാവണ്ണയാം പ
ത്നിയിൽ അനുസാവണ്ണകനെന്ന നാമ
ത്തൊടും വന്നിടുമെട്ടാമ്മനുവായി ഭവാനെ
ടൊ വൈശ്യകുലൊത്തമ നീയപെക്ഷിച്ചതു
മാശ്ചൎയ്യമെത്രയുംനല്ലനെല്ലൊഭവാൻ സംഗ
വിഹീനമാംജ്ഞാനവുംനിത്യമാ യെങ്കലിളക്ക
മില്ലാതൊരുഭക്തിയും തന്നെൻനിനക്കൊടുക്ക
ത്തുകൈവല്യവും വന്നിടുമെന്ന രുളിചെയ്തു

ദെവിയും ഇത്ഥമവൎക്കുവരവുംകൊടുത്തിതു ഭ
ക്തിയൊടെറെസ്തുതിച്ചൊരവൎകൾക്കും ഉണ്ടായ
സന്തൊഷമൊടവരങ്ങിനെ കണ്ടിരിക്കെ മറ
ഞ്ഞിടിനാൾദെവിയും ദെവിനിയൊഗാൽ സു
രഥനാംഭൂപതി ദൈവൊത്തമനായസൂൎയ്യന പു
ത്രനായി· സാവൎണ്ണനാകുമെട്ടാമന വാഴുതും
ദെവികാത്ത്യായിനി നിത്യംനമൊസ്തുതെ ഇ
ത്ഥം ത്രയൊദശൊദ്ധ്യായംകഴിഞ്ഞിതു ചിത്ത
മൊദെന സെവിച്ചുകൊൾകെവരും ഇന്നുമ
ഞെദ്ധ്യായമുണ്ടെചൊല്ലീടുവാൻ ഇന്നല്ലഎന്നു
ചൊന്നാൾകിളിപ്പെപ്പൈതലും... ... ... ... ❀

മാതാമെമ്മധുകൈടഭഘ്നിമഹിഷ പ്രാ
ണാപഹാരൊദ്യമെ ഹെലാനിൎമ്മിതധൂമ്രലൊ
ചനവധെഹെചണ്ഡമുണ്ഡാൎദ്ദിനി നിശ്ശെഷീ
കൃതരക്തബീജദനുജെ നിത്യെനിശുംഭാപഹെ
ശുംഭധ്വംസിനിസംഹരാശുദുരിതം ദുൎഗ്ഗെ
നമസ്തെംബികെ ❀ ❀ ❀ ❀ ❀ ❀ ❀

ഇതി ത്രയൊദശൊദ്ധ്യായസ്സമാപ്തഃ

1922 g 9992

2.20

Devimāhātmyam

# ദെവിമാഹാത്മ്യം

ഇത

മഹാ-രാ-രാ

ഷ-അരുണാചലമുതലിയാരവർക

ളുടെമകൻ കാളഹസ്തിയപ്പമുത

ലിയാരവർകളുടെ

വിദ്യാവിലാസ

അച്ചുക്കൂടത്തിൽ അച്ചടിച്ചത

൨-ാംപതിപ്പ

കൊഴിക്കൊട ൲൮൱ ജൈക്രൂലായിമാസം

വിലഅണ-൩